6

# ക്രിസ്തു വന്നതായ ലോകം

സുവിശേഷ വിവരണങ്ങളുടെ ആദ്യ വായനക്കാർക്ക് യേശു വന്ന ലോകത്തെ കുറിച്ചു പരിചയം ഉണ്ടായിരുന്നു, എന്നാൽ നമുക്ക് അധികവും പരിചയമില്ല. ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ ദേശത്തെ സംബന്ധിച്ച്, ബി.എസ്. ഡീനിന്റെ കാഴ്ച്ചപ്പാടിൽ "അബ്രഹാം ആദ്യമായി ശേഖേമിൽ കൂടാരമടിച്ചപ്പോഴുള്ള പ്രകൃതി രമണീയത തന്നെ ആയിരുന്നു അപ്പോഴും," എന്നാൽ "മറ്റെല്ലാം മാറിപ്പോയിരുന്നു."[1] പഴയ നിയമകാലം മുതൽ ഉണ്ടായ മാറ്റങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു: മതപരമായ രംഗത്ത് പള്ളി ഒരു പ്രധാനഘടകമായിത്തീർന്നു. പരീശന്മാരെയും സദൂക്യരെയും പോലെയുള്ള, വിഭാഗങ്ങൾ, വലിയ സ്വാധീനം ചെലുത്തി. രാജ്യം ഭരിച്ചിരുന്നത് റോം ആയിരുന്നു. അത്തരം മാറ്റങ്ങൾ എങ്ങനെ വന്നു?

### നിയമങ്ങൾക്കിടയിലുള്ള കാലം

മാറ്റങ്ങൾ ഉണ്ടായത് അധികവും പഴയ നിയമവും പുതിയ നിയമവും രേഖപ്പെടുത്തിയ വർഷങ്ങൾക്കിടയിലുള്ള കാലത്താണ്.

പഴയ നിയമം അവസാനിച്ചപ്പോൾ, പല യെഹൂദന്മാരും അധികം താമസിയാതെ ബാബേൽ പ്രവാസത്തിൽനിന്ന് കനാനിലേക്ക്[2] തിരിച്ചു വരികയും പാർസി ഭരണത്തിൻകീഴിൽ ആവുകയും ചെയ്തു. പഴയ നിയമ ചരിത്ര പുസ്തകങ്ങളിൽ അവസാനമായി എഴുതപ്പെട്ടത് നെഹമ്യാവായിരുന്നു; പഴയനിയമ പ്രവചന പുസ്തകങ്ങളിൽ അവസാനത്തേത് മലാഖീ ആയിരുന്നു. യെഹൂദന്മാർ ദൈവത്തിന്റെ മശിഹക്കുവേണ്ടിയും അവനു വഴി ഒരുക്കുവാനായി വരുന്ന സന്ദേശവാഹകനുവേണ്ടിയും കാത്തിരിക്കുകയായിരുന്നു. മലാഖി എഴുതി,

> "എനിക്കുമുൻപായി, വഴി നിരത്തേണ്ടതിന്നു, ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും, നിങ്ങൾ ഇഷ്ടപ്പെടുന്ന, നിയമ ദൂതനുമായവൻ, പെട്ടെന്ന് തന്റെ മന്ദിരത്തിലേക്കുവരും; ഇതാ, അവൻ വരുന്നു എന്ന്, സൈന്യങ്ങളുടെ യെഹോവ, അരുളിചെയ്യുന്നു (മലാഖി 3:1; കൂടാതെ 4:5, 6–ഉം നോക്കുക).

#### നിശബ്ദത

മലാഖിക്കും സുവിശേഷവിവരണ സംഭവങ്ങൾക്കുമിടയിൽ, ഉദ്ദേശം നാനൂറു വർഷത്തെ[3] നിശബ്ദതയുണ്ട്. "നിശബ്ദത" എന്നതു കൊണ്ട്, ഞാൻ അർത്ഥമാക്കുന്നത് പ്രവചന നിശബ്ദതയാണ്. ആ കാലത്ത്, ദൈവം ദൈവശ്വാസീയരായ പ്രത്യേക ദൂതന്മാരെ അയച്ചി രുന്നില്ല. യിസ്രായേൽ ജനം നയിക്കപ്പെട്ടത് ന്യായപ്രമാണത്താലും പ്രവാചകന്മാരാലും ആയിരുന്നു (മത്തായി 11:13; ലൂക്കൊസ് 16:16; കൂടാതെ ലൂക്കൊസ് 24:44–ഉം നോക്കുക).

ദൈവം തന്റെ പുത്രനെ അയക്കുന്നതിനു മുൻപു പല നൂറ്റാണ്ടു കളുടെ ഈ ഇടവേള അനുവദിച്ചത് എന്തുകൊണ്ട്? എഫ്. ലഗാർഡ് സ്മിത്ത് പല

സാധ്യതകളും നിർദ്ദേശിച്ചിട്ടുണ്ട്:[4] (1) ഒരുപക്ഷെ മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവത്തെ നാടകീയമായി പ്രകടിപ്പി ക്കുവാൻ ദൈവം ആഗ്രഹിച്ചിരിക്കാം. അവസാനം യേശു വന്ന സമയത്ത്, പ്രതീക്ഷ ഏറ്റവും ഉയർന്നിരുന്നു. (2) ഒരുപക്ഷെ മശിഹാ പ്രവചനങ്ങളുടെ നിറവേറൽ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നതാകുവാൻ ദൈവം ആഗ്രഹി ച്ചിരിക്കാം. നീണ്ട ഇടവേള ഉറപ്പു വരുത്തുന്നത് നിറവേറൽ മുൻകൂട്ടി ആലോചിച്ചു തയ്യാറെടുത്തതല്ല എന്നാണ്. (3) ഒരുപക്ഷെ മശിഹയുടെ ദൗത്യത്തിനു ശരിയായ രാഷ്ട്രീയവും മതപരവുമായ സാഹചര്യം ഉണ്ടാകുന്നതുവരെ ദൈവം കാത്തിരുന്നതാകാം. പൗലൊസ് എഴുതി, "കാലസമ്പൂർണ്ണത വന്നപ്പോൾ, ദൈവം തന്റെ പുത്രനെ അയച്ചു" (ഗലാത്യർ 4:4). ന്യൂ ലിവിങ് ട്രാൻസ് ലേഷനിൽ ''എന്നാൽ ശരിയായ സമയം വന്നപ്പോൾ, ദൈവം തന്റെ പുത്രനെ അയച്ചു" എന്നാണ് കൊടുത്തിട്ടുള്ളത്.

**ഉറവിടങ്ങൾ**

നിയമങ്ങൾക്കിടയിലുള്ള കാലം പ്രവചന നിശബ്ദതയുടെ കാലം ആയിരുന്നു എന്ന വസ്തുത അർത്ഥമാക്കുന്നത് യേശുവിന്റെ ലോകത്തെ രൂപപ്പെടുത്തിയ ആ വർഷങ്ങളെ കുറിച്ചു നമുക്കൊന്നും അറിയില്ല എന്നല്ല. വിവരങ്ങൾക്ക് നമുക്ക് പല ഉറവിടങ്ങൾ ഉണ്ട്.

(1) *ദൈവശ്വാസീയമല്ലാത്ത എഴുത്തുകൾ*. പഴയനിയമത്തിനും പുതിയ നിയമത്തിനും ഇടയിലുള്ള ചില ബൈബിളിൽ ഉൾപ്പെട്ടിരുന്ന പതിനാലു പുസ്തകങ്ങൾക്കാണ് "അപ്പൊക്രിഫ" എന്ന പേർ നൽകി യിരിക്കുന്നത്. ''അപ്പൊക്രിഫ'' എന്ന വാക്കിനർത്ഥം ''മറഞ്ഞിരിക്കുന്ന'' എന്നാണ്. യെഹൂദന്മാർ[5] ആ പുസ്തകങ്ങളെ ദൈവശ്വാസീയമെന്നു കരുതിയിരുന്നില്ല, അതുപോലെ അവയെ യേശുവും അവന്റെ അപ്പൊസ്തലന്മാരും[6] ദൈവശ്വാസീയമായി കരുതിയിരുന്നില്ല. അവയുടെ പല പതിപ്പുകളിലും പാർസികളുടെയും അന്യദേവന്മാരെ വണങ്ങുന്നവരുടെയും അന്ധവിശ്വാ സങ്ങളാണ് പ്രകടമാകുന്നത്. എന്നിരുന്നാലും, ആ പുസ്തകങ്ങൾ മൊത്തത്തിൽ യെഹൂദന്മാരുടെ ആചാരങ്ങളുടെയും ചരിത്രത്തിന്റെയും ചില ഉൾക്കാഴ്ച്ചകൾ നൽകുന്നുണ്ട്. പ്രത്യേകിച്ച് വളരെ സഹായകരമാണ് ഒന്ന് മക്കാബീസ്; അതിൽ യെഹൂദ്യയിൽ ബി.സി. 175–നും 132–നും ഇടയ്ക്ക് ജീവിച്ച യെഹൂദന്മാരുടെ ചരിത്രം ഉൾപ്പെടുന്നു.

(2) *ജോസഫസിന്റെ എഴുത്തുകൾ*. ഏതാണ്ട് എ.ഡി. 37–ൽ ജനിച്ച, ഒരു യെഹൂദ ചരിത്രകാരനായിരുന്നു ജോസഫസ്. ടൈറ്റസു കാരണം യെരുശലേമിനുണ്ടായ നാശത്തെയും കഷ്ടകാലത്തെയും അവൻ അതിജീവിച്ചു കൊണ്ട് പ്രധാനപ്പെട്ട രണ്ടു പ്രവർത്തികളെ കുറിച്ച് എഴുതി: *ദ ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്* (സൃഷ്ടി മുതലുള്ള അവന്റെ ജനത്തിന്റെ ചരിത്രം) *ദ ജ്യൂയിഷ് വാർസ്* (ബി.സി. 170 മുതൽ അവന്റെ കാലയളവുവരെ ജീവിച്ച യെഹൂദന്മാരുടെ വിവരങ്ങൾ).[7] ജോസഫസിന്റെ ചില "വസ്തുതകൾ" ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്, എന്നാൽ അവന്റെ എഴുത്തുകൾ വിവരങ്ങളുടെ മുഖ്യമായ ഉറവിടം അവശേഷിപ്പിക്കുന്നു.

(3) *വിവിധ യവനന്മാരുടെയും റോമാക്കാരുടെയും സാക്ഷ്യങ്ങൾ*. ഈ പരമ്പരയിൽ അവയിൽ ചില ഉറവിടങ്ങളെ കുറിച്ചു പറയുന്നുണ്ട്.

(4) *ഭൂഗർഭ കണ്ടെത്തലുകൾ.* പാലസ്തീനിലെയും മറ്റു പ്രദേശ

ങ്ങളിലേയും കണ്ടുപിടുത്തങ്ങൾ ചിലപ്പോൾ യെഹൂദന്മാരുടെ ചരിത്ര ത്തെയും ജീവിതശൈലിയെയും വെളിപ്പെടുത്തുന്നതാണ്.

(5) *തിരുവെഴുത്തുകൾ.* ഈ കാലയളവിലെ ചില വിവരങ്ങളെ കുറിച്ച് സുവിശേഷ വിവരണങ്ങളിൽ നിന്നു തന്നെ കണ്ടെത്താൻ കഴിയും.

**നാലു സാമ്രാജ്യങ്ങൾ**

നിയമങ്ങൾക്കിടയിലുണ്ടായിരുന്ന നാനൂറുവർഷങ്ങളോളം, ദൈവം മനുഷ്യരുടെ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട്, തന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുകയായിരുന്നു. ആ കാലയളവിലെ രാഷ്ട്രീയ ചട്ടക്കൂടുകളെ കുറിച്ചുള്ള രൂപരേഖ ദാനീയേൽ 2–ൽ, ബാബേൽ രാജാവായ, നെബൂഖദ്നേസറിന്റെ ഒരു സ്വപ്നത്തിൽ വെളിപ്പെടുത്തുകയുണ്ടായി.

> ... രാജാവു കണ്ട ദർശനമോ വലിയോരു ബിംബം ... അതു വലുപ്പ മേറിയതും വിശേഷശോഭയുള്ളതുമായ ബിംബമായിരുന്നു, ... അതിന്റെ പ്രത്യക്ഷത ഭയങ്കരമായിരുന്നു. ബിംബത്തിന്റെ തല തങ്കം കൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും, വയറും അരയും താമ്രം കൊണ്ടും, തുട ഇരുമ്പുകൊണ്ടും, കാൽ പാതി ഇരുമ്പുകൊണ്ടും, പാതി കളിമണ്ണുകൊണ്ടും ആയിരുന്നു (ദാനിയേൽ 2:31–33).

ദാനീയേൽ നെബൂഖദ്നേസർ രാജാവിനോടു പറഞ്ഞത് രാജാവിനെ (ബാബേൽ രാജ്യവും) പ്രതിനിധീകരിക്കുന്നതാണ് തങ്കം കൊണ്ടുള്ള തല എന്നാണ് (വാ. 37, 38). പിന്നെ പ്രവാചകൻ പറഞ്ഞു,

> തിരുമനസ്സിലെ ശേഷം തിരുമേനിയേക്കാൾ താണതായ മറ്റൊരു രാജ്യത്വവും, സർവ്വഭൂമിയിലും വാഴുവാൻ ഇരിക്കുന്നതായി, താമ്രം കൊണ്ടുള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും. നാലാമത്തെ രാജത്വം ഇരിമ്പുപോലെ ബലമുള്ളതായിരിക്കും; ഇരിമ്പു സകലത്തെയും തകർത്തു കീഴടക്കുന്നുവല്ലൊ, തകർക്കുന്ന ഇരിമ്പുപോലെ, അതു അവയെ ഒക്കെയും, ഇടിച്ച് തകർത്തുകളയും (വാ. 39, 40).

ദാനിയേൽ 2–ലെ നാലു രാജ്യങ്ങൾ (1) ബാബേൽ സാമ്രാജ്യം, (2) മേദ്യ–പാർസി സാമ്രാജ്യം, (3) ഗ്രീക്കുസാമ്രാജ്യം, (4) റോമാ സാമ്രാജ്യം[8] എന്നിവയാണെന്ന് തിരുവെഴുത്തുകളിൽനിന്നും ചരിത്ര ത്തിൽ നിന്നും നമുക്കറിയാം.

പഴയനിയമം പൂർത്തിയാകുന്നതിനുമുൻപ്, ആദ്യത്തെ രാജ്യം (ബാബേൽ) വീണുപോകയും രണ്ടാമത്തേത് (മേദ്യ–പാർസി) അധികാര ത്തിൽ വരികയും ചെയ്തു (നോക്കുക ദാനീയേൽ 5:28, 30, 31; 6:8, 12, 15, 28; 8:20; 10:1; 11:1; എസ്രാ 1:1–4; എസ്ഥേർ 1:19). പിന്നെ, നമുക്കു ചിന്തിക്കുവാനുള്ളത്, രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും രാജ്യകാലയളവിലുള്ള സംഭവങ്ങളെ കുറിച്ചാണ്.

**മേദ്യ-പാർസി കാലഘട്ടം[9] (539-333 ബി.സി.[10])**

നാം കണ്ടതുപോലെ, പഴയനിയമം അവസാനിക്കാറായപ്പോൾ,

പാർസികൾ കനാനെ അധീനമാക്കി. ഇതു യെഹൂദന്മാർക്ക് അടിസ്ഥാന പരമായി അതിജീവിക്കേണ്ട ഒരു കാലമായിരുന്നു. അടുത്തുള്ള ഒരു പാർസി നാടുവാഴിയുടെ ഭരണത്തിൻകീഴിൽ ആയിരുന്ന – മഹാപുരോഹിതനെകൊണ്ട് യെഹൂദദേശം ഭരിക്കുവാൻ പാർസികൾ അനുവദിച്ചിരുന്നു.

അക്കാലത്ത്, മടങ്ങിവരുന്ന യെഹൂദന്മാർക്കും കനാനിലെ തദ്ദേശ വാസികളായിരുന്ന മിശ്ര–വർഗക്കാർക്കും ഇടയിൽ സംഘർഷം മുറുകി വന്നിരുന്നു (നോക്കുക എസ്രാ 4:4; നെഹെമ്യാവ് 4:1–8). ആ തദ്ദേശ വാസികൾ അധികവും താമസിച്ചിരുന്നത് യെഹൂദ്യയുടെ വടക്കുള്ള ശമര്യ എന്നറിയപ്പെട്ടിരുന്ന സ്ഥലത്തായിരുന്നു (നോക്കുക എസ്രാ 4:10, 17; നെഹെമ്യാവ് 4:2); അവരായിരുന്നു "ശമര്യക്കാർ" എന്നറിയപ്പെട്ടിരുന്നത്. യെഹോവയെ ആരാധിക്കുന്നതിനെ അന്യദേവന്മാരെ നമസ്ക്കരിക്കുന്നതുമായി ശമര്യക്കാർ സംയോജിപ്പിച്ചതെങ്ങനെയാണെന്നു രണ്ടു രാജാക്കന്മാർ 17:24–33 പറയുന്നു. വാക്യം 33 പറയുന്നു, "അവർ യെഹോവയെ ഭജിക്കുകയും താന്താങ്ങളുടെ ദേവന്മാരെ സേവിക്കുകയും ചെയ്തു. ..." യേശു വന്നപ്പോൾ, രാജ്യത്തിന്റെ കേന്ദ്രഭാഗം ശമര്യക്കാർ കൈവശമാക്കിയിരുന്നു (യോഹന്നാൻ 4:3, 4). യേശുവിന്റെ ജീവിതത്തിലെ അസംഖ്യം സംഭവങ്ങൾക്കും പശ്ചാത്തലം ഒരുക്കിയത് യെഹൂദന്മാർക്കും ശമര്യക്കാർക്കുമിടയിൽ ഉണ്ടായിരുന്ന അതിരു കവിഞ്ഞ ബന്ധമായിരുന്നു (ലൂക്കൊസ് 10:33; 17:16; യോഹന്നാൻ 4:9).

### ഗ്രീക്ക് കാലഘട്ടം[11] (333-165 ബി.സി.)

(1) *മഹാനായ അലെക്സാണ്ടർ (ബി.സി.333-323).* ബി.സി. 336–ൽ, ഇരുപതു–വയസ് പ്രായമുണ്ടായിരുന്ന മഹാനായ അലെക്സാണ്ടർ ഗ്രീക്ക് സൈന്യത്തിന്റെ ആധിപത്യം ഏറ്റെടുത്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ, അവൻ ലോകം കീഴടക്കി. അവന്റെ കീഴ്പ്പെടുത്തലുകൾക്കിടയിൽ, അവൻ സോർ പട്ടണത്തെ ഉന്മൂലനാശം വരുത്തി, യെഹെസ്ക്കേൽ 26–ലും 28–ലും പറഞ്ഞിരിക്കുന്ന ആ പട്ടണത്തിനെ തിരെയുള്ള പ്രവചനം നിറവേറ്റി. അവന്റെ സ്വാധീനം നിമിത്തം, ഗ്രീക്ക് സംസ്ക്കാരം ലോകമെങ്ങും വ്യാപിച്ചു. ഗ്രീക്ക് സ്വാധീനത്തിന്റെ കേന്ദ്രമാകുന്ന വിധത്തിൽ, അവൻ നൈൽനദീ തീരത്ത്, അലക്സാന്ത്രിയ എന്ന ഒരു പട്ടണം സ്ഥാപിച്ചു. ക്രിസ്ത്യാനികൾക്ക് പ്രത്യേക പ്രാധാന്യമുള്ള വസ്തു എന്തെന്നാൽ ഗ്രീക്ക് സർവ്വദേശീയ ഭാഷ ആയി തീർന്നു എന്നതാണ്. *കൊയ്നെ* (സാധാരണ) ഗ്രീക്കിൽ[12] ആണ് പുതിയ നിയമം എഴുതപ്പെട്ടത്.

ഏതാണ്ടു ബി.സി. 333–ൽ യെരുശലേമിനെ അലെക്സാണ്ടർ തന്റെ അധീനതയിൽ കൊണ്ടുവന്നു. പട്ടണവാതിലുകൾക്കു പുറത്തുവെച്ച് മഹാപുരോഹിതൻ എങ്ങനെ ആ വിജയിയെ സ്വീകരിച്ചു എന്നു ജോസെഫസിന്റെ എഴുത്തിൽ പറയുന്നുണ്ട്. അലെക്സാണ്ടർ യെഹൂദന്മാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയിരുന്നു. അവൻ അവരെ പരദേശികളായി ഉപയോഗിച്ചു, തന്റെ രാജ്യത്തിലെ വ്യാപകമായ – സ്ഥലങ്ങളിൽ സ്ഥിരമായി താമസിക്കുവാനും പ്രേരിപ്പിച്ചു.

അക്കാലത്ത്, ശാസ്ത്രിമാർ തങ്ങളെ യെഹൂദന്മാർക്കിടയിൽ ഒരു പ്രത്യേക വിഭാഗമാക്കി മാറ്റിയിരുന്നു. ശാസ്ത്രിമാരെ കുറിച്ച് കൂടുതലായി പിന്നീട് നമുക്ക് പഠിക്കാം.

ബി.സി. 323–ൽ അലെക്സാണ്ടറുടെ മരണത്തെ തുടർന്നുണ്ടായത് അധികാരത്തിനുവേണ്ടിയുള്ള ഇരുപതു–വർഷത്തെ വടംവലിയായിരുന്നു. അവസാനം, അവന്റെ സാമ്രാജ്യം നാലു പ്രദേശങ്ങളായി ഭാഗിക്കപ്പെട്ടു: ഗ്രീക്കും, ആസ്യയും, മിസ്രയീമും, കൂടാതെ സുറിയയും.[13] മിസ്രയീമും സുറിയയുമാണ് നമുക്ക് താല്പര്യമുള്ളവ. ടോളമിമാർ[14] മിസ്രയീം അധീനമാക്കുകയും, സെലൂക്ക്യർ[15] സുറിയ ഭരിക്കുകയും ചെയ്തു.

(2) *ടോളമിമാർ (323–198 ബി.സി.).* മിസ്രയീമിനും സുറിയക്കും ഇടക്കായി സ്ഥിതി ചെയ്തിരുന്ന പാലസ്തീനിനെ, രണ്ടു ശക്തികളും[16] തമ്മിലുള്ള പോരാട്ടത്തിൽ കെണിയിൽ പിടിച്ചതായിരുന്നു. മിസ്രയിം സൈന്യം സുറിയയിലേക്ക് മാർച്ച് ചെയ്തപ്പോൾ, അവരുടെ വടക്കോട്ടുള്ള യാത്രയിൽ പാലസ്തീനിനെ കയ്യടക്കിയിരുന്നു. സുറിയൻ സൈന്യം തെക്കുള്ള മിസ്രയിമിനടുത്തേക്കു യാത്ര ചെയ്തപ്പോൾ, അവർ വരുമ്പോഴോ പോകുമ്പോഴോ ആയിരുന്നു പാലസ്തീനിനെ കയ്യടക്കുവാൻ ശ്രമിച്ചിരുന്നത്.

അടുത്ത നൂറു വർഷങ്ങളോളം, യെഹൂദന്മാർ ഇടയ്ക്കിടെ സുറിയയുടെ നിയന്ത്രണത്തിലായിരുന്നു, എന്നാൽ അധിക സമയവും അവർ മിസ്രയീമിന്റെ കീഴിലായിരുന്നു. ടോളമി I യെരുശലേം കയ്യടക്കുകയും അലക്സാന്ത്രിയയിൽ കോളനി രൂപപ്പെടുത്തേണ്ടതിനായി അസംഖ്യം യെഹൂദന്മാരെ പിടിച്ചു കൊണ്ടുപോകയും ചെയ്തു. അവൻ അവർക്കു പൂർണ്ണ പൗരത്വവും യെഹൂദർക്കു സ്ക്കോളർഷിപ്പും നൽകി പ്രോൽ സാഹിപ്പിച്ചിരുന്നു.

ടോളമിമാരുടെ ഭരണകാലം അടിസ്ഥാനപരമായി യെഹൂദന്മാർക്ക് സമാധാന കാലമായിരുന്നു. ഗ്രീക്കിലുള്ള പഴയനിയമം മിസ്രയിം ഭാഷയിലേക്ക് തർജിമ ചെയ്തതായിരുന്നു പ്രധാനപ്പെട്ട നേട്ടം. അലക്സാന്ത്രിയയിലുള്ള ഒരു മഹത്തായ ഗ്രന്ഥശാലക്കു വേണ്ടി എബ്രായ തിരുവെഴുത്തുകളുടെ ഗ്രീക്ക് തർജിമ ചെയ്യുവാൻ ടോളമി II കല്പന പുറപ്പെടുവിച്ചു. ഏതാണ്ട് ബി.സി. 285–ൽ ആയിരുന്നു ആ തർജിമ പൂർത്തിയായത്. പഴയവിശ്വാസപ്രകാരം, എഴുപതു യെഹൂദപണ്ഡിതന്മാരാലാണ് അതു രൂപപ്പെടുത്തിയത്. (അതുകൊണ്ടാണ് അതിനു ''സെപ്റ്റ്വജിന്റ്'' എന്നു പേരുള്ളത്, അർത്ഥം ''എഴുപത്.'') സെപ്റ്റ്വജിന്റിൽനിന്നാണ് പുതിയനിയമ എഴുത്തുകാരും പ്രാസംഗികരും ഉപയോഗിച്ച പല പഴയനിയമ ആവർത്തനങ്ങളും എടുത്തിരിക്കുന്നത്.

മിസ്രയിമ്യരും സുറിയക്കാരും തമ്മിൽ ആ കാലയളവിലെല്ലാം പോരാട്ടം തുടർന്നിരുന്നു. അവസാനം, ഏതാണ്ട് ബി.സി. 198–ൽ, പാലസ്തീൻ സുറിയൻ ആധിപത്യത്തിൻകീഴിലായി.

(3) *സെലൂസിഡ്സ് (198–165 ബി.സി.).* ദേശത്തെ ഭരണം സുഗമമാക്കുവാൻ, സെലൂസിഡ്സ് പാലസ്തീനിനെ അഞ്ചായി ഭാഗിച്ചു: യെഹൂദ്യ, ശമര്യ, ഗലീലി, പെറിയ, ട്രാക്കോനിറ്റിസ്. അവയെ കുറിച്ചും മറ്റു വിഭജനങ്ങളെ കുറിച്ചും നമുക്ക് പിന്നീട് പഠിക്കാം.

യെഹൂദ ചരിത്രത്തിലെ ഇരുണ്ട കാലമായിരുന്നു സുറിയയുടെ ഭരണകാലം. അവിടെ മുഖ്യ എതിരാളി ആന്റിയോക്കസ് എപ്പിഫാനസ് എന്നും അറിയപ്പെടുന്ന, ആന്റിയോക്കസ് IV ആയിരുന്നു. അയാളെ കുറിച്ച് എഫ്.ലഗാർഡ് സ്മിത്ത് പറഞ്ഞത് ''പൊതുസ്ഥാപനങ്ങളിലെ അധികാരത്തിലിരിക്കുന്നതിൽവെച്ച് ഏറ്റവും ക്രൂരൻ''[17] എന്നാണ്.

എപ്പിഫാനസ് (ബി.സി. 175–165) യെഹൂദന്മാരെ പകെച്ചു അവരെ ഗ്രീക്കുകാർ ആക്കുവാൻ ശ്രമിച്ചു. അയാൾ ജൂപ്പിറ്റർ ദേവനു യെരുശലേമിൽ ഒരു ക്ഷേത്രം പണിതു യെഹൂദമതത്തെ ഉന്മൂലനം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്തു. അയാൾ ദൈവാലയം അടക്കുകയും, പരിഛേദന നിയമവിരുദ്ധമാക്കുകയും, യെഹൂദമതം ആചരിക്കുന്നവരെ കൊല്ലുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അയാൾ ആയിരക്കണ ക്കിനു യെഹൂദന്മാരെ അടിമകളാക്കി വില്ക്കുകയും ആയിരത്തിൽപരം യെഹൂദന്മാരെ കൊന്നുകളയുകയും ചെയ്തു. ദൈവാലയത്തിൽ നിന്നുള്ള നിക്ഷേപങ്ങളെ എല്ലാം അയാൾ എടുക്കുകയും യാഗപീഠത്തിൽ[18] പന്നിയെ യാഗം കഴിക്കുകയും ചെയ്തു. ചാരം വെള്ളത്തിൽ കലക്കി അയാൾ "പന്നിവെള്ളം" ദൈവാലയത്തിൽ മുഴുവൻ തളിച്ചു, വിശുദ്ധമായ ആലയ പ്രാകാരങ്ങളെയെല്ലാം അശുദ്ധമാക്കി.

**സ്വാതന്ത്ര്യത്തിന്റെ കാലം (165-63 ബി.സി.)**

ആന്റിയോക്കസ് എപ്പിഫാനസിന്റെ അതിക്രമങ്ങൾ നിമിത്തം മത്താത്തിയാസ് എന്നു പേരുള്ള വൃദ്ധനായ ഒരു പുരോഹിതന്റെ നേതൃത്വ ത്തിലുള്ള യെഹൂദപ്രക്ഷോഭത്തിനു പ്രേരണ ഉണ്ടായി. യുദ്ധം ഇഷ്ട പ്പെട്ടിരുന്ന ധൈര്യശാലികളായ അഞ്ചു പുത്രന്മാർ മത്താത്തിയാസിനു ണ്ടായിരുന്നു, അവരിൽ ഒരാളായിരുന്ന – യൂദാസ് – വിപ്ലവത്തിനു നേതൃത്വം നല്കി. യൂദാസിനെ അറിയപ്പെട്ടിരുന്നത് "യൂദാസ് ദ ഹാമർ" എന്നായിരുന്നു. "ഹാമർ" എന്നതിന്റെ ഗ്രീക്ക് വാക്കാണ് "മക്കാബീ," അതുകൊണ്ട് ഇതിനെ ചിലപ്പോൾ യെഹൂദ ചരിത്രത്തിലെ[19] മക്കാബിയൻ കാലം എന്നറിയ പ്പെട്ടിരുന്നു. യൂദാസ് മക്കാബിയസ് യെരുശലേമിനെ ബി.സി. 165–ൽ വീണ്ടും–കീഴടക്കി. ദൈവാലയം ശുദ്ധീകരിച്ചു യഹോവക്കായി വീണ്ടും പ്രതിഷ്ഠിച്ചു. അങ്ങനെയായിരുന്നു പ്രതിഷ്ഠോൽസവത്തിന്റെ ഉത്ഭവം (യോഹന്നാൻ 10:22 നോക്കുക).

ബി.സി. 163 മുതൽ 143 വരെ സുറിയയുമായുള്ള യുദ്ധം തുടർ ന്നിരുന്നു. അവസാനം, യെഹൂദന്മാർക്ക് അവരുടെ സ്വാതന്ത്ര്യം തിരിച്ചു കിട്ടി. അങ്ങനെ ബി.സി. 135–ൽ ജോൺ ഹിർക്കാനസിന്റെ കീഴിൽ ഒരു യെഹൂദ ഭരണരീതി സ്ഥാപിതമായി.

അക്കാലത്ത്, പരീശന്മാരും സദൂക്യരും അടക്കമുള്ള, യെഹൂദ വിഭാഗങ്ങൾ ഉണ്ടാകാൻ തുടങ്ങി. അവയെയും മറ്റു വിഭാഗങ്ങളെയും കുറിച്ചു കൂടുതലായി നാം പിന്നീട് പഠിക്കും. അക്കാലത്ത്, മഹാപുരോ ഹിതന്റെ സ്ഥാനം മതത്തിനപ്പുറം രാഷ്ട്രീയപ്രാധാന്യമുള്ളതായി തീർന്നു. അധികാരമുള്ള[20] ആർക്കും മഹാപുരോഹിതന്മാരെ നിയമിക്കുവാൻ കഴിഞ്ഞിരുന്നു.

ആ കാലഘട്ടത്തിന്റെ അവസാനവർഷങ്ങൾ രാജ്യത്തിനുള്ളിൽ ഏറ്റുമുട്ടലുകൾ നടന്നിരുന്ന കാലമായിരുന്നു. ജോൺ ഹിർക്കാനസിന്റെ പിൻഗാമികളിലെ പല അംഗങ്ങൾ തമ്മിൽ സിംഹാസനത്തിനു വേണ്ടി പോരാടി. ഗൂഢാലോചനകളും, വ്യാജ ഗൂഢാലോചനകളും, രാഷ്ട്രീയ കുലപാതങ്ങളും അവിടെ നടന്നു. അവസാനം, തർക്കത്തിലുണ്ടായിരുന്ന ഒരു കൂട്ടർ ഉയർന്ന അധികാരത്തോടു – റോം – സഹായത്തിന് അപേക്ഷിച്ചു. ഈ യെഹൂദ ഏറ്റുമുട്ടലിൽ റോമിന്റെ സഹായം തേടുന്നതു കോഴി തങ്ങളുടെ

തർക്ക പരിഹാരത്തിനായി കൂട്ടിലേക്ക് കുറുക്കനെ ക്ഷണിക്കുന്നതുപോലെ ആയിരുന്നു. അധികം കഴിയുന്നതിനു മുമ്പു യെഹൂദന്മാർക്ക് അവരുടെ സ്വാതന്ത്ര്യം നഷ്ടമായി.

**റോമാ കാലഘട്ടം (63 ബി.സി.-എ.ഡി. 70[21])**

മഹാനായിരുന്ന പോംപെ ബി.സി. 63–ൽ[22] യെരുശലേം കീഴടക്കി. യേശുവിന്റെ ജീവിതകാലത്തുള്ള റോമാഭരണാധികാരികൾ ആയിരുന്നു ഓഗുസ്തൊസ് (ഒക്ടാവിയസ്) കൈസരും (27 ബി.സി.–എ.ഡി. 14) (ലൂക്കൊസ് 2:1) തീബെര്യോസ് കൈസരും (എ.ഡി. 14–37) (ലൂക്കൊസ് 3:1).

പാലസ്തീൻ റോമിന്റെ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവന്നു. ആരംഭത്തിൽ, ആന്റിപേറ്റർ യെഹൂദ്യയുടെ ഭരണാധികാരിയായി. അവനുശേഷം അവന്റെ മകൻ മഹാനായ ഹെരോദാവു, ആയിരുന്നു 37–3 ബി.സി. യിൽ യെഹൂദ്യയുടെ രാജാവ് (ലൂക്കൊസ് 1:5). ഹൊരാദാവിനു ഭരിക്കുവാൻ വേണ്ട ബുദ്ധിപാടവം ഉണ്ടായിരുന്നു, എന്നാൽ അവന്റെ കീഴുദ്യോഗസ്ഥർ അവന്റെ ഭരണപാടവത്തെ മറികടന്നു. യെരുശലേമിലേക്ക് രഥമത്സരവും മറ്റു ഗ്രീക്ക് ആചാരങ്ങളും കൊണ്ടുവന്നതിനാൽ അവൻ യെഹൂന്മാരുടെ വെറുപ്പു സമ്പാദിച്ചു. അവരുടെ പ്രീതി വീണ്ടും സമ്പാദിക്കുവാനുള്ള ശ്രമത്തിൽ, എപ്പിഫാനസ് അടിസ്ഥാനപരമായി നശിപ്പിച്ചിരുന്ന ദേവാലയത്തെ അവൻ പുതുക്കി പണിയുവാൻ ആരംഭിച്ചു (യോഹന്നാൻ 2:20 നോക്കുക). യേശുവിനെ നശിപ്പിക്കാമെന്നു കരുതി ശിശുക്കളെ കൊന്ന് കുപ്രസിദ്ധി നേടിയ രാജാവായിരുന്നു ഈ ഹെരോദാവു (മത്തായി 2:1–18).

മഹാനായിരുന്ന ഹെരോദാവു മരിച്ചപ്പോൾ (മത്തായി 2:19), രാജ്യത്തിന്റെ ഭരണം നാലുപേരുടെ കൈകളിലായി ("നാല് പേരുടെ ഭരണം"): (1) ആരംഭത്തിൽ, ഹെരോദാവിന്റെ ഒരു മകനായ അർക്കെലയോസിനെ യെഹൂദ്യക്കും ശമര്യക്കും അധിപനാക്കി (മത്തായി 2:22). എ.ഡി. 6–ൽ അവനെ ആ സ്ഥാനത്തുനിന്നും നീക്കുകയും പല നാടുവാഴികളെയും ആ സ്ഥാനത്താക്കുകയും ചെയ്തു. (പിലാത്തൊസ് 6–ാമത്തെ നാടുവാഴി ആയിരുന്നു [ലൂക്കൊസ് 3:1].) (2) മറ്റൊരു മകനായ, ഹെരോദാവു അന്തിപ്പാസിനെ (ചിലപ്പോൾ അവനെ "ഹെരോദാവു" എന്നു മാത്രമായും ചിലപ്പോൾ പുതിയ നിയമത്തിൽ "ഇടപ്രഭുവായ ഹെരോദാവു" എന്നും പ്രത്യേക പ്രാധാന്യത്തോടെ സൂചിപ്പിച്ചിട്ടുണ്ട്), ഗലീലിയയിലെയും പെറിയയിലെയും ഇടപ്രഭു ആക്കി ത്തീർത്തു (ലൂക്കൊസ് 3:1; മത്തായി 14:1 നോക്കുക). യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷാകാലയളവിൽ ഭരിച്ചിരുന്നതിനാൽ അവനെ ഹെരോദാവുമാരിൽ ഏറ്റവും കൂടുതൽ പ്രസിദ്ധിയുള്ളവനാക്കി. (3) മൂന്നാമത്തെ മകൻ ആയ, ഫിലിപ്പ്, "ഇതുര്യത്രഖോനിത്തി ദേശങ്ങളുടെ ഇടപ്രഭുവായി"[23] (ലൂക്കൊസ് 3:1; മത്തായി 14:3 നോക്കുക) – ചിലപ്പോൾ ആ പ്രദേശത്തെ ബാശാൻ ജില്ലയെന്നും[24] വിളിച്ചിരുന്നു. (4) നാലാമത്തെ മേഖലയെ, അബിലേന[25] എന്നു വിളിച്ചിരുന്നു, അത് ലുസാന്യാ സിനുകൊടുത്തിരുന്നു (ലൂക്കൊസ് 3:1), അവൻ ഹെരോ ദാവു ആയിരുന്നില്ല. മഹാനായിരുന്ന ഹെരോദാവു ഭരിച്ചിരുന്ന മേഖലയുടെ ഭാഗമായിരുന്നില്ല അബിലേന.

റോമാക്കാർ യെഹൂദന്മാർക്ക് അസംഖ്യം കിഴിവുകൾ നൽകിയിരുന്നു:

സൈനിക കടമകളിൽ നിന്ന് അവരെ ഒഴിവാക്കിയിരുന്നു. അവരെ ശബ്ബത്തുനാളിൽ കോടതിയിലേക്ക് വിളിപ്പിച്ചിരുന്നില്ല. രൂപമില്ലാത്ത[26] എഴുത്തുകൾ മാത്രമുള്ള വെള്ളിനാണയങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ അവരെ അനുവദിച്ചിരുന്നു. അവരുടെ ദേശത്തുകൂടെ ബിംബങ്ങളുള്ള ബാനറുകൾ ചുമന്നു കൊണ്ടുപോകുവാൻ റോമൻ പടയാളികളെ അനുവദിച്ചിരുന്നില്ല.

റോമാകാലഘട്ടം ക്രിസ്തുവിനുവേണ്ടി എങ്ങനെ വഴിയൊരുക്കി എന്നുള്ളതാണ് ക്രിസ്ത്യാനികൾക്ക് എല്ലാത്തിലും സുപ്രധാനമായ കാര്യം. വഴിയൊരുക്കിയതിൽ *പാക്സ് റൊമാനാ* (റോമൻ സമാധാനം) സ്ഥാപിച്ചതും, സർവ്വദേശീയമായ ഭാഷ (ഗ്രീക്ക്) വ്യാപിക്കുന്നതും, സാമ്രാജ്യത്തിൽ എങ്ങും വിസ്തൃതമായ ഗതാഗതസൗകര്യവും ആശയ വിനിമയ സൗകര്യവും ലഭിക്കേണ്ടതിന് അസംഖ്യം റോഡുകളുടെ ശൃംഖല നിർമ്മിക്കുന്നതും ഉൾപ്പെട്ടിരുന്നു.

## പാലസ്തീൻ ദേശം

പഴയ നിയമത്തിൽ, യേശു ആദ്യം ജനിച്ച സ്ഥലത്തെ "കനാൻ" എന്നു വിളിച്ചിരുന്നു (ഉൽപത്തി 12:5; പുറപ്പാട് 6:4; യോശുവ 14:1). പുതിയ നിയമകാലമായതോടെ, അതിനെ "പാലസ്തീൻ"[27] എന്ന് അറിയപ്പെടുവാൻ തുടങ്ങി – എന്നിരുന്നാലും ആ പേര് പുതിയ നിയമത്തിൽ[28] കാണുന്നില്ല.

യേശുവിന്റെ നീക്കങ്ങളെ ദൃശ്യവത്ക്കരിക്കുവാൻ സഹായകരമായ ഭൂപടങ്ങൾ നിങ്ങൾക്ക് ഈ പരമ്പര നൽകുന്നു. യേശുവിന്റെ ജീവിതത്തിലെ ഏതാണ്ട് 150 സംഭവങ്ങൾ സുവിശേഷ വിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്; അവയിൽ നൂറോ അതിലധികമോ പ്രത്യേകമായ ഭൂമിശാസ്ത്ര സ്ഥലങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്.

ചർച്ചചെയ്യപ്പെടുന്ന പ്രദേശത്തെ കുറിച്ചു കൂടുതൽ മനസ്സിലാ ക്കുവാൻ ''ക്രിസ്തുവിന്റെ ജീവിതകാലത്തെ പാലസ്തീൻ,'' എന്ന ഭൂപടത്തിൽ നോക്കുക. ദേശത്തിന്റെ നീളത്തെ കുറിച്ച് സംസാരിക്കുന്ന പ്രചാരമായ രീതി "ദാൻ മുതൽ ബേർ–ശേബ വരെ" എന്നാണ് (ന്യായാധിപന്മാർ 20:1; നോക്കുക 1 ശമുവേൽ 3:20; 1 രാജാക്കന്മാർ 4:25). വടക്കുഭാഗത്തുള്ള ദാൻ മുതൽ തെക്കുള്ള ബേർ–ശേബ വരെ 150 മൈൽ അകലമുണ്ടായിരുന്നു. ദേശം വ്യാപിച്ചിരുന്നത് 10,000 ചതുരശ്ര മൈലിനും 12,000 ചതുരശ്ര മൈലിനും[29] ഇടക്കായിരുന്നു. താരതമ്യ പ്പെടുത്തിനോക്കിയാൽ, അമേരിക്കയുടെ അൻപതു സംസ്ഥാനങ്ങളിൽ നാൽപതും ഇതിനേക്കാൾ വലുതായിരുന്നു.[30]

ക്രിസ്തുവിന്റെ ജീവിതത്തിൽ മൂന്ന് പ്രവിശ്യകൾ പ്രമുഖമായി ട്ടുള്ളതായിരുന്നു, അവയെല്ലാം യോർദ്ദാൻ നദിയുടെ പടിഞ്ഞാറുള്ള വയായിരുന്നു. (1) *യെഹൂദ്യ*. യെഹൂദ്യയുടെ പ്രവിശ്യ യെഹൂദന്മാരുടെ അധീനതയിലായിരുന്നു. യെഹൂദ്യർ അവരുടെ യാഥാസ്ഥിതികത്വത്തിൽ അഭിമാനം കൊണ്ടിരുന്നു. യേശു ഇടയ്ക്കിടക്ക് യെഹൂദ്യ സന്ദർശിക്കുമായിരുന്നു – പ്രത്യേകിച്ച് പെരുന്നാളുകൾക്കിടയിൽ. (2) *ശമര്യ.* നാം കണ്ടതുപോലെ, ''ശമര്യക്കാർ'' എന്നു വിളിക്കുന്ന അർത്ഥ–സങ്കര ആളുകളാൽ നിബിഢമായിരുന്നു, ശമര്യ. യേശു ചിലപ്പോൾ ശമര്യ വഴിയായി വടക്കോട്ടോ അല്ലെങ്കിൽ തെക്കോട്ടോ പോകുമായിരുന്നു. (3) *ഗലീലി.* ഗലീലിയിൽ യെഹൂദന്മാരും ജാതികളും സമ്മിശ്രമായി

ഉണ്ടായിരുന്നു (മത്തായി 4:15 നോക്കുക). അതിനെ യെഹൂദ്യർ ഒരു പുറംപോക്ക് പ്രദേശമായിട്ടാണ് കണ്ടിരുന്നത്. യേശു തന്റെ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും ചിലവിട്ടത് ഗലീലിയിൽ ആയിരുന്നു.

ഭൂപടത്തിൽ കാണുന്ന മറ്റു പ്രദേശങ്ങളും ക്രിസ്തുവിന്റെ ജീവിതത്തിൽ പ്രാധാന്യമുള്ളതായിരുന്നു. പല സന്ദർഭങ്ങളിലും, യേശു ഗലീലി കടൽ കടന്ന് അതിന്റെ കിഴക്കേ തീരത്തേക്കു പോയിരുന്നു, അതിന് നമ്മുടെ ഭൂപടത്തിൽ[31] പേരുകൊടുത്തിരിക്കുന്നതു "ബാഷാൻ ജില്ല" എന്നാണ്. ലൂക്കൊസ് 3:1 അതിനെ "ഇതുര്യത്രഖോനിത്തി ദേശങ്ങൾ" എന്നാണ് വിളിക്കുന്നത്. ഈ പ്രദേശത്തിന്റെ തെക്കു ഭാഗത്തെ വിളിച്ചിരുന്നത് "ദെക്കപ്പൊലി" എന്നായിരുന്നു, അതിന്റെ അക്ഷരിക അർത്ഥം "പത്തു പട്ടണങ്ങൾ"[32] എന്നാണ് (മത്തായി 4:25; മർക്കൊസ് 5:20; 7:31).

യേശുവിന്റെ ശുശ്രൂഷയുടെ അവസാനം അടുത്തപ്പോൾ, അവൻ ഗലീലിയിൽ നിന്ന് പലവട്ടം വാങ്ങിപ്പോയിട്ടുണ്ട്. ഫൊയ്നിക്യ ദേശത്തെ പട്ടണങ്ങൾ ആയിരുന്ന, വടക്കു പടിഞ്ഞാറുള്ള പ്രദേശമായ സോറിലേക്കും സീദോനിലേക്കും പോയത് ആയിരുന്നു അവയിൽ ഒന്ന് (മത്തായി 15:21). യോർദ്ദാന്റെ കിഴക്കേ കരയിലേക്കും അവൻ പലവട്ടം വാങ്ങിപോയിട്ടുണ്ട്. ജോസഫസ് പറഞ്ഞതനുസരിച്ച്, ആ പ്രദേശത്തെ "പെറിയ" എന്ന് അറിയപ്പെട്ടിരുന്നു, എന്നാൽ സുവിശേഷ വിവരണങ്ങളിൽ ഉപയോഗിച്ചിരുന്ന പ്രയോഗം "യോർദ്ദാനപ്പുറം" എന്നാണ് (മത്തായി 4:25; 19:1; മർക്കൊസ് 10:1; യോഹന്നാൻ 10:40).

ഭൂമിശാസ്ത്രപരമായ പരിഷ്കരണത്തിന് നിങ്ങളെ സഹായിക്കേണ്ടതിന് ഈ ഭൂപടത്തിൽ കുറച്ച് പ്രധാന സ്ഥലങ്ങൾ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ലക്കത്തിലും, ആ ലക്കത്തിൽ പറയുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തിയ ഒരു ഭൂപടം നമുക്കു ലഭിക്കും.

ഈ ഭൂപടങ്ങളെ സംബന്ധിച്ച് ഒരു മുന്നറിയിപ്പ് ആവശ്യമാണ്: ബൈബിൾ വിവരണങ്ങളിൽ നിന്നും ലൗകിക ഉറവിടങ്ങളിൽനിന്നും ദേശത്തിന്റെ അടിസ്ഥാനപരമായ വിഭജനത്തെ കുറിച്ചു ലഭിച്ച വിവരങ്ങൾ ഏകദേശം വ്യക്തമാണെങ്കിലും, പല പ്രവിശ്യകൾ തമ്മിലുള്ള യഥാർത്ഥ അതിർത്തിയെ കുറിച്ചുള്ള വിവരം വ്യക്തമല്ല. അതുകൊണ്ട്, പ്രവിശ്യകൾ തമ്മിൽ വേർതിരിക്കുന്ന രേഖകൾ അതിരുകളുടെ *ഉദ്ദേശ* സ്ഥാനങ്ങളാണെന്നു, മനസ്സിലാക്കണം.

### മറ്റുമാറ്റങ്ങൾ

പഴയനിയമത്തിന്റെ അവസാനനാളുകളും നിയമങ്ങൾക്കിടയിലുള്ള വർഷങ്ങളും യെഹൂദലോകത്തെ മറ്റുവിധത്തിൽ ബാധിച്ചിട്ടുണ്ട്.

#### നാമ മാറ്റങ്ങൾ

പഴയനിയമ അവസാനത്തോടുകൂടി, ദൈവജനത്തെ "യെഹൂദന്മാർ" എന്നു അറിയപ്പെട്ടു തുടങ്ങി (എസ്രാ 4:12; 5:1). ആ പേർ വന്നത് തെക്കുള്ള യെഹൂദരാജ്യത്തിൽനിന്നാണ്: ആ പ്രദേശത്തുനിന്നുള്ളവരുടെ പിൻഗാമികൾ (യെഹൂദാ ഗോത്രത്തിൽ നിന്നുള്ളവരും) ആയിരുന്നു ബാബേൽ പ്രവാസത്തിൽനിന്ന് മടങ്ങിവന്നവരിൽ അധികവും. പുതിയനിയമകാലമായപ്പോഴേക്കും, ആ ആളുകൾക്കു പ്രാഥമികമായി

ഉപയോഗിച്ചിരുന്ന പേര് "യെഹൂദന്മാർ" എന്നായിരുന്നു (മത്തായി 2:2; യോഹന്നാൻ 1:19).

അവരെ ഇന്നും ചിലപ്പോൾ "യിസ്രായേല്യർ" എന്നു വിളിക്കപ്പെടുന്നു (നോക്കുക യോഹന്നാൻ 1:47; 2 കൊരിന്ത്യർ 11:22), അതു സൂചിപ്പിക്കുന്നത് അവർ യിസ്രായേലിന്റെ പിൻഗാമികൾ എന്നായിരുന്നു. ചിലപ്പോൾ അവരുടെ പാരമ്പര്യ ഭാഷ നിമിത്തം അവരെ "എബ്രായർ" എന്നും വിളിച്ചിട്ടുണ്ട് (പ്രവൃത്തികൾ 6:1; 2 കൊരിന്ത്യർ 11:22).

**ഭാഷയിൽ വന്ന മാറ്റങ്ങൾ**

ബാബേൽ പ്രവാസത്തിൽ നിന്ന് മടങ്ങിവന്നശേഷം, അരാമ്യഭാഷ എബ്രായ ഭാഷക്കു പകരമായി യെഹൂദന്മാർ ഉപയോഗിച്ചുതുടങ്ങി. സുറിയയുടെ ഭാഷ ആയിരുന്ന, അരാമ്യ, എബ്രായ ഭാഷപോലെയുള്ള തായിരുന്നു – അത് ഇറ്റാലിയൻ ലാറ്റിനെപോലെയാണ് എന്നതുപോലെയാണ്. യെഹൂദ കുട്ടികൾ ഇപ്പോഴും എബ്രായഭാഷ സ്കൂളിൽ പഠിക്കുന്നുണ്ട് – അത് ഇറ്റാലിയൻ കുട്ടികൾ ലാറ്റിൻ പഠിക്കുന്നതുപോലെയാണ്.

യേശുവിന്റെ കാലത്ത് എല്ലാവരും ഒരുപോലെ ഉപയോഗിച്ചിരുന്ന ഭാഷ ഗ്രീക്ക് ആയിരുന്നപ്പോൾ, റോമാ ഗവൺമെന്റിന്റെ ഔദ്യോഗിക ഭാഷ ലാറ്റിൻ ആയിരുന്നു. യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ, അവന്റെ തലയ്ക്കൽ എഴുതിയ അടയാളത്തിൽ മൂന്നു ഭാഷകൾ ഉണ്ടായിരുന്നു: എബ്രായ, ലാറ്റിൻ, ഗ്രീക്ക് (യോഹന്നാൻ 19:20).

**തൊഴിലിൽ വന്ന മാറ്റങ്ങൾ**

പ്രവാസത്തിനുമുൻപ്, യെഹൂദന്മാർ പ്രാഥമികമായി കൃഷിക്കാരും ആട്ടിടയന്മാരുമായിരുന്നു. പ്രവാസകാലത്ത് അവരുടെ വസ്തുക്കളിൽ നിന്ന് വേർപെട്ടിരുന്നതുകൊണ്ട്, അവർക്കു കച്ചവടത്തിൽ സാമർത്ഥ്യമുള്ളതായി അവർ കണ്ടെത്തി. യേശുവിന്റെ കാലമായതോടെ, യെഹൂദ വ്യാപാരികൾ ലോകം മുഴുവൻ വ്യാപിച്ചിരുന്നു.

**ആരാധനയിൽ വന്ന മാറ്റങ്ങൾ**

യെഹൂദന്മാർക്ക് അപ്പോഴും യെരുശലേമിലുള്ള ദൈവാലയം പ്രാധാന്യമുള്ളതായിരുന്നു. ബാബേൽ പ്രവാസത്തിനുശേഷം മടങ്ങിവന്ന് സെരൂബാബേൽ നിർമ്മിച്ചതായ ദേവാലയം ഭൂരിഭാഗവും എപ്പിഫാനസ് നശിപ്പിച്ചിരുന്നു. മഹാനായ ഹെരോദാവു ദേവാലയപുനർ നിർമ്മാണം ആരംഭിച്ചു (യോഹന്നാൻ 2:20 നോക്കുക) അതു യേശു ജനിക്കുന്നതിനും ഏതാണ്ട് പതിനാറ് വർഷങ്ങൾക്കു മുൻപായിരുന്നു; യേശുവിന്റെ ശുശ്രൂഷാസമയത്തും[33] ആ നിർമ്മാണം തുടർന്നുകൊണ്ടിരുന്നു. പാലസ്തീനിൽ ജീവിച്ചിരുന്ന വിശ്വസ്തരായ ആളുകൾ വർഷത്തിൽ പലപ്രാവശ്യം പെരുന്നാളുകൾക്കായി[34] യെരുശലേമിലേക്ക് പോയിരുന്നു. മറ്റു ദേശങ്ങളിലുള്ള ഭക്തിയുള്ള യെഹൂദന്മാരും സമയാസമയങ്ങളിൽ യെരുശലേമിലേക്കുള്ള ആ കഠിനയാത്ര നടത്തിയിരുന്നു (പ്രവൃത്തികൾ 2:5–11).

എങ്ങനെയായാലും, ക്രിസ്തുവിന്റെ സമയമായപ്പോഴേക്ക്, യെഹൂദ ന്മാരുടെ മതപരമായ ജീവിതത്തിനിടയിൽ *പള്ളി* മുഖ്യമായതായിത്തീർന്നു.

പഴയനിയമത്തിൽ പള്ളിയെ കുറിച്ചു പറഞ്ഞിട്ടില്ല എങ്കിലും പുതിയ നിയമത്തിൽ അതിന് പ്രമുഖസ്ഥാനമുണ്ട് (മത്തായി 12:9; 13:54). യെഹൂദന്മാർ പ്രവാസത്തിൽ ആയിരിക്കയും അവർക്ക് യെരുശലേമിലേക്ക് തീരുമാനിച്ചിരുന്ന പെരുന്നാൾ ദിവസങ്ങളിൽ പോകാൻ കഴിയാതിരുന്നപ്പോഴും ആയിരിക്കാം പള്ളി തുടങ്ങിയത്. ഒരു പള്ളി[35] തുടങ്ങുവാൻ പത്തു യെഹൂദ പുരുഷന്മാർ മാത്രം മതിയായിരുന്നു. യെരുശലേമിലും ലോകത്തുടനീളവും നൂറുകണക്കിനു പള്ളികൾ ഉണ്ടായിരുന്നു. പള്ളിയിലെ ശബ്ബത്ത് ശുശ്രൂഷകൾ ലളിതമായിരുന്നു – അതിൽ പാട്ടുകളും, പ്രാർത്ഥനകളും, തിരുവെഴുത്തുകൾ[36] വായിക്കുന്നതും പഠിക്കുന്നതും ഉൾപ്പെട്ടിരുന്നു. ആ പ്രദേശത്തുള്ള യെഹൂദ കുട്ടികൾക്കു വന്നുപഠിക്കേണ്ടതിന് മിക്ക പള്ളികളോടുചേർന്നും സ്കൂളു കൾ ഉണ്ടായിരുന്നു.

**മതപരമായ നേതൃത്വത്തിൽ വന്ന മാറ്റങ്ങൾ**

പഴയനിയമത്തിൽ, പുരോഹിതന്മാരെയായിരുന്നു മതപരമായ അദ്ധ്യക്ഷന്മാരായി അംഗീകരിച്ചിരുന്നത്. അവരുടെ പ്രവൃത്തികൾ ഓരോ സന്ദർഭത്തിലും ദൈവം അയച്ച പ്രവാചകരുടെ നിർദ്ദേശാനുസരണമായിരുന്നു. ക്രിസ്തുവിന്റെ ജീവിതം നാം പഠിക്കുമ്പോൾ, നാം പുരോഹിതന്മാരെയും അവരുടെ ലേവ്യാ സഹായികളെയും അവിടെയും കാണും (ലൂക്കൊസ് 10:31, 32). യേശുവിന്റെ ശുശ്രൂഷാകാലയളവിൽ, യെഹൂദമതത്തിന് *രണ്ടു* മഹാ പുരോഹിതന്മാർ, പ്രവർത്തനത്തിൽ ഉണ്ടായിരുന്നു എന്നത്, പ്രത്യേക പ്രാധാന്യം അർഹിക്കുന്ന വസ്തുതയാണ് (ലൂക്കൊസ് 3:2 നോക്കുക). റോമാ നാടുവാഴി ഉയർന്ന പൗരോഹിത്യത്തിൽ നിന്ന് മഹാപുരോഹിതനായിരുന്ന ഹന്നാവിനെ നീക്കിയിരുന്നു, എന്നാൽ തന്റെ മരുമകൻ ആയ കയ്യഫാവിനെ (യോഹന്നാൻ 18:13) നിയമിക്കുവാൻ അവന് മതിയായ സ്വാധീനമുണ്ടായിരുന്നു (മത്തായി 26:3, 57; യോഹന്നാൻ 11:49; 18:24). മിക്ക യെഹൂദന്മാരുടെയും കണ്ണുകളിൽ, ഹന്നാവ് തന്നെയായിരുന്നു വാസ്തവത്തിലുള്ള മഹാപുരോഹിതൻ (പ്രവൃത്തികൾ 4:6 നോക്കുക).

പുരോഹിതന്മാർക്കു പുറമെ, പുതിയനിയമ കാലയളവോടെ മറ്റു നേതൃത്വവും ഉയർന്നുവന്നു. ഒന്നാമത്തേത് റബ്ബിമാർ ആയിരുന്നു (മത്തായി 23:7, 8),[37] അവർ പള്ളികളിലെയും പള്ളി സ്കൂളുകളിലെയും ഉപദേഷ്ടാക്കന്മാരുമായിരുന്നു. പുരോഹിതന്മാർക്കു പകരം മതപരമായ അധികാരം ഉള്ളവരായിരുന്നു റബ്ബിമാർ. ചിലരെ സംബന്ധിച്ച്, ന്യായ പ്രമാണം വ്യാഖ്യാനിച്ചിരുന്ന റബ്ബിമാർ ന്യായപ്രമാണത്തോളം[38] തന്നെ മതിപ്പുള്ളവരായിരുന്നു.

അടുത്തത് ശാസ്ത്രിമാർ എന്നു നാം മുൻപു പറഞ്ഞവരായിരുന്നു (മത്തായി 2:4; 5:20; 7:29; 9:3). "ശാസ്ത്രി" എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കിന്റെ അക്ഷരികമായ അർത്ഥം "എഴുത്തുകാരൻ" എന്നാണ്. ആരംഭത്തിൽ, ശാസ്ത്രിമാർക്ക് പ്രധാന സംഭവങ്ങൾ[39] രേഖപ്പെടുത്തുന്നതിന് ഉത്തരവാദിത്വമുണ്ടായിരുന്നു. പുതിയനിയമ കാലമായപ്പോഴേക്ക്, പഴയനിയമത്തിന്റെ പകർപ്പുകൾ തയ്യാറാ ക്കുന്ന ഉത്തരവാദിത്വമായിരുന്നു അവർക്കുണ്ടായിരുന്നത്. ന്യായ പ്രമാണ അധികാരികൾ എന്നും ചിലപ്പോൾ

“ന്യായശാസ്ത്രിമാർ” എന്നും അവരെ വിളിച്ചിരുന്നു (ലൂക്കൊസ് 7:30; 11:45, 46, 52).[40] ആഭ്യന്തര നിയമത്തിൽ അവർ പ്രാഗത്ഭ്യമുള്ളവർ ആയിരുന്നില്ല, പക്ഷെ മതപരമായ നിയമത്തിൽ പ്രാവീണ്യമുണ്ടായിരുന്നു. ശാസ്ത്രിമാരിൽ പലരും പരീശന്മാർ ആയിരുന്നു (ഈ പുസ്തകത്തിൽ പിന്നീടു വരുന്ന “പരീശന്മാർ” എന്നതിനെ കുറിച്ചു പറയുന്നതു നോക്കുക.)

പിന്നെയുള്ളതു ന്യായാധിപസഭ ആയിരുന്നു. യെഹൂദന്മാരുടെ “പരമോന്നത കോടതി” ആയിരുന്നു ന്യായാധിപസഭ. “ന്യായാധിപസഭ” എന്നത് കെജെവിയിലും എൻഎഎസ്ബിയിലും “കൗൺസിൽ” എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന പദം മാറ്റിയ ഗ്രീക്ക് വാക്കാണ് (മത്തായി 26:59; മർക്കൊസ് 15:43; ലൂക്കൊസ് 22:66) എന്നാൽ എൻഐവിയിൽ “ന്യായാധിപസഭ” എന്നാണ് കൊടുത്തിരിക്കുന്നത്. ഏതാണ്ട് ബി.സി. 200–ൽ യെഹൂദദേശത്തിന്റെ ആന്തരിക കാര്യങ്ങളെ നിയന്ത്രിക്കുന്നതിന് ഉത്തരവാദിത്വമുള്ള ഒന്നായി ചരിത്രത്തിൽ ന്യായാധിപസഭ ആദ്യമായി പ്രത്യക്ഷപ്പെട്ടു. വിശ്വാസം അനുസരിച്ച്, ന്യായാധിപസഭയിൽ എഴുപതു അംഗങ്ങൾ ഉണ്ടായിരുന്നു – അതു കൂടാതെ അദ്ധ്യക്ഷത വഹിക്കുന്ന, മഹാപുരോഹിതനും ഉണ്ടായിരുന്നു. അതിലെ ഭൂരിഭാഗം അംഗങ്ങളും സദൂക്യർ ആയിരുന്നു (“സദൂക്യർ” എന്നതിനെ കുറിച്ചു തന്നിരിക്കുന്നത് നോക്കുക), എന്നാൽ ന്യൂനപക്ഷം വരുന്ന പരീശന്മാർ ശക്തരായിരുന്നു (“മറ്റു വിഭാഗങ്ങൾ” എന്നതിനെ കുറിച്ചുള്ളതു നോക്കുക). മുകളിൽ പറഞ്ഞ സ്വാധീനമുള്ള എല്ലാ യെഹൂദന്മാരെ സംബന്ധിച്ചും അവരുടെ പൂർവ്വ സ്ഥാനവും അധികാരവും നിലനിർത്തേണ്ടത് പ്രാധാന്യമുള്ളതായിരുന്നു. അങ്ങനെ അവർ യേശുവിന്റെ വലിയ ശത്രുക്കൾ ആയി തീർന്നു.

### മതവിഭാഗീതയുടെ ആവിർഭാവം

യേശുവിന്റെ കാലത്തെ യെഹൂദ വിഭാഗങ്ങളുടെ പ്രജകൾ ഒരു പ്രത്യേകവിഭാഗത്തിനുള്ള യോഗ്യതക്കു മതിയായ പ്രാധാന്യമുള്ള വരായിരുന്നു. അവരിൽ മിക്ക വിഭാഗങ്ങളും മതത്താലെന്നപോലെ രാഷ്ട്രീയത്താലും സംസ്കാരത്താലും പ്രചോദിക്കപ്പെട്ടിരുന്നു.

#### പരീശന്മാർ

“പരീശൻ” എന്നത് ഒരു എബ്രായ ക്രിയയിൽ നിന്നുവന്നതും അതി നർത്ഥം “വേർപെടുത്തുക” എന്നുമാണ്. യെഹൂദന്മാർ ഗ്രീക്കു സംസ് കാരം സ്വീകരിപ്പാൻ വേണ്ടി സെലുസിഡ് ആധിപത്യകാലത്ത് സമ്മർദ്ദം ചെലുത്തിയപ്പോൾ അതിന്റെ ഫലമായി ആവിർഭവിച്ചതാണ് ഈ വിഭാഗ മെന്ന് ചിലർ കരുതുന്നു. ആദ്യം, പരീശന്മാർ ദേശസ്നേഹത്തെ മത ഭക്തിയോട് യോജിപ്പിച്ചിരുന്നു. യേശുവിന്റെ സമയമായപ്പോഴേക്ക്, അവർ സ്വയ–നീതീകരണവും ചടങ്ങുകളും ഉള്ള വിഭാഗത്തിലേക്ക് തരം താഴ്ന്നിരുന്നു (മത്തായി 23:1–36). അവർ അംഗസംഖ്യയിൽ ചെറുതായിരുന്നു, എന്നാൽ ആളുകൾക്കിടയിൽ പ്രചാരമുള്ളവരും അങ്ങനെ പരിഗണി ക്കത്തക്ക സ്വാധീനം ഉള്ളവരുമായിരുന്നു. എല്ലാ പ്രായോഗികമായ ഉദ്ദേശങ്ങൾക്കും, അവർ ദൈവശ്വാസീയമല്ലാത്ത “പിതാക്കന്മാരുടെ പാരമ്പര്യത്തെ” (മർക്കൊസ് 7:3) നിയമമായി തന്നെ എടുത്തിരുന്നു. യേശു

ആ പാരമ്പര്യങ്ങളെ കണക്കാക്കാതിരുന്നപ്പോൾ (മത്തായി 15:1–14), പരീശന്മാർ അവന്റെ ഏറ്റവും വലിയ ശത്രുക്കളായി തീർന്നു.

**സദൂക്യർ**

സാദോക്കിൽ നിന്നായിരിക്കാം "സദൂക്യ" എന്നപേർ വന്നത്, അവൻ ശലോമോന്റെ കീഴിലുള്ള മഹാപുരോഹിതന്മാരുടെ ലിസ്റ്റിൽ ആദ്യമായി വരുന്നു (1 രാജാക്കന്മാർ 1:32, 34, 38, 45; യെഹെസ്ക്കേൽ 40:46; 44:15 നോക്കുക). മഹാനായിരുന്ന ഹെരോദാവിന്റെ കാലം മുതൽ യെരുശലേമിന്റെ വീഴ്ച്ചവരെയുള്ള കാലത്തെ ഓരോ മഹാപുരോഹിതനും ഒരു സദൂക്യൻ ആയിരുന്നു. അവർ ധനവും, കുലീനതയുമുള്ള ഒരു കൂട്ടം ആളുകളും, അവരിൽ പലരും പുരോഹിതന്മാരും ആയിരുന്നു. പരീശന്മാർ ഉടലെടുത്ത അതേ സമയത്തുതന്നെ സദൂക്യരും ഉത്ഭവിച്ചു എന്നാണ് ചിലർ കരുതുന്നത്. അവർ സ്വീകരി*ച്ചിരുന്നത്* ഗ്രീക്കുവഴികളായിരുന്നു. അധികാരത്തിലുള്ള ആരുമായും സഹകരിക്കുവാനുള്ള അവരുടെ മനസ്സുനിമിത്തം, അവർ രാഷ്ട്രീയ ശക്തി ഉള്ളവരായി തീർന്നു. ഗ്രീക്ക് തത്വജ്ഞാനം സ്വീകരിച്ചതുകൊണ്ട്, അവർ പുനരുത്ഥാനത്തെയും മരണാനന്തരജീവിതത്തെയും തള്ളിക്കളഞ്ഞി രുന്നു (മർക്കൊസ് 12:18; പ്രവൃത്തികൾ 23:6–8). അവരുടെ അധികാരത്തെ യേശു ഭീഷണിപ്പെടുത്തിയതുകൊണ്ട് അവർ അവനെ വെറുക്കുവാൻ തുടങ്ങി.

**മറ്റു വിഭാഗങ്ങൾ**

സുവിശേഷ വിവരണങ്ങളിൽ മറ്റു വിഭാഗങ്ങളെ കുറിച്ചും പറയു ന്നുണ്ട്. അവയിൽ ഒന്ന് ഹെരോദ്യർ ആയിരുന്നു (മത്തായി 22:16; മർക്കൊസ് 3:6; 12:13; മർക്കൊസ് 8:15 നോക്കുക), അവർ പാലസ്തീനിൽ എല്ലായിടത്തും സിംഹാസനത്തിൽ ഒരു ഹെരോദാവിനെ ഇരുത്തുന്ന വിധത്തിൽ സമർപ്പിക്കപ്പെട്ട സജീവമായ ഒരു രാഷ്ട്രീയ സംഘമായിരുന്നു.

റോമിനെ വാൾകൊണ്ട് അതിജീവിക്കുവാൻ സമർപ്പിക്കപ്പെട്ട യെഹൂദ മത്സരികളായ ഒരു സംഘം യെഹൂദർ എരിവുള്ളവരായിരുന്നു. ആ സംഘത്തിലെ ഒരാളായിരുന്ന, ശീമോൻ, അപ്പൊസ്തലനായി തീർന്നു (മത്തായി 10:4; മർക്കൊസ് 3:18; ലൂക്കൊസ് 6:15).

മറ്റൊരു മതപരമായസംഘവും കൂടെ നിലനിന്നിരുന്നതായി ലൗകികമായ ചരിത്രത്തിൽ നിന്ന് നമുക്ക് അറിയുവാൻ കഴിയും: എസനസ്. സമൂഹത്തിൽ നിന്ന് വേറിട്ടു കഴിയുന്ന മതപരമായി അതിരുകവിഞ്ഞ ഒരു കൂട്ടം ആളുകളായിരുന്നു അവർ. (അവർ പരീശവിഭാഗത്തിനു ള്ളിൽ നിന്ന് ഉത്ഭവിച്ചവരായിരുന്നേക്കാം.) ചിലർ വിചാരിക്കുന്നത് ഖുമ്രാൻ സമൂഹം (പ്രസിദ്ധമായ ''ചാവുകടൽ ചുരുളുകൾ'' എന്ന തിന്റെ ഉറവിടം) എസനസുമായി ബന്ധപ്പെട്ടവരായിരുന്നു എന്നാണ്. "എസനസ്" എന്ന പേർ ബൈബിളിൽ കാണുന്നില്ല. യോഹന്നാൻ സ്നാപകൻ ഒന്നുകിൽ ഒരു എസനസ് ആയിരുന്നു അല്ലെങ്കിൽ അവന്റെ ഉപദേശങ്ങളും ശുശ്രൂഷകളും എസനെസ് വിഭാഗത്തിൽ നിന്ന് ഉടലെടുത്തതാണ് എന്ന പലപ്പോഴും കേട്ടിട്ടുള്ള വാദത്തെ ഖണ്ഡിക്കുന്നതിനുമാത്രമാണ് ഞാൻ ആ സംഘത്തെ ഇവിടെ സൂചിപ്പിക്കുന്നത്. ആ അവകാശത്തെ ഉറപ്പിക്കുന്നതിനോ

തെറ്റാണെന്നു തെളിയിക്കുന്നതിനോ ഉള്ള രേഖകൾ ഒന്നുമില്ല.[41]

**മശിഹാ പ്രതീക്ഷകൾ**

യെഹൂദന്മാർ ദൈവത്തിന്റെ മശിഹയെ നോക്കി പാർത്തിരിക്കുകയായിരുന്നുവെന്ന് ഞാൻ പാഠത്തിന്റെ ഏകദേശം ആരംഭത്തിൽ പറഞ്ഞുവല്ലൊ. മത്തായിയുടെ പുസ്തകത്തെ കുറിച്ചുള്ള അവതരണത്തിൽ, ഞാൻ പറഞ്ഞു,

> ''മശിഹ'' എന്നത് എബ്രായ വാക്കിൽ നിന്ന് വന്നതും അർത്ഥം "അഭിഷിക്തനാ[യവൻ]" എന്നുമാണ്. അതിനുതുല്യമായ ഗ്രീക്കു വാക്കാണ് "ക്രിസ്തു" (യോഹന്നാൻ 1:41). പുരോഹിതന്മാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതായിരുന്നു അഭിഷേകം … മറ്റുള്ളവർക്കും അതുപയോഗിച്ചിരുന്നു; എന്നാൽ ഒരു യെഹൂദൻ ''ദൈവത്തിന്റെ അഭിഷിക്തൻ,''എന്ന വാക്കു കേൾക്കുമ്പോൾ അവൻ ഒരു *രാജാവിനെ*യാണ് വിചാരിക്കുന്നത് (നോക്കുക 1 ശമുവേൽ 10:1; 24:6; സങ്കീർത്തനങ്ങൾ 2:2, 6).

അവസാനം യേശു വന്നപ്പോഴേക്ക്, മശിഹയുടെ വരവിനു വേണ്ടിയുള്ള കാത്തിരിപ്പ് അതിന്റെ ഉച്ചകോടിയിലെത്തിയിരുന്നു എന്നും ഞാൻ മുൻപു ഈ പാഠത്തിൽ പറഞ്ഞുവല്ലൊ. ദൈവാലയത്തിൽ ശിശുവായ യേശുവിനെ സ്വീകരിച്ച, ശിമ്യോന്റെയും ഹന്നയുടേയും ആകാംഷയിൽ അതുകാണാം (ലൂക്കൊസ് 2:25–38). ശിമ്യോൻ ''കർത്താവിന്റെ ക്രിസ്തുവിനായി'' കാത്തിരിക്കുകയായിരുന്നു (ലൂക്കൊസ് 2:26). "യിസ്രായേലിന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന ഏവരോടും" ഹന്നാ യേശുവിനെ കുറിച്ചു പറഞ്ഞു (ലൂക്കൊസ് 2:38). യോഹന്നാൻ സ്നാപകൻ തന്റെ പ്രവൃത്തി ആരംഭിച്ചപ്പോൾ, ''അവൻ ക്രിസ്തു ആയിരിക്കുമോ, എന്നു എല്ലാവരും യോഹന്നാനെ കുറിച്ചു തങ്ങളുടെ ഹൃദയങ്ങളിൽ സംശയിച്ചിരുന്നു'' (ലൂക്കൊസ് 3:15). ശമര്യക്കാർ പോലും വിശ്വസിച്ചിരുന്നതു "(ക്രിസ്തു എന്നു വിളിക്കുന്ന) മശിഹ വരുന്നു" എന്നാണ് (യോഹന്നാൻ 4:25). "ദൈവരാജ്യത്തിനുവേണ്ടി കാത്തിരുന്നവൻ" എന്നാണ് അരിമഥ്യക്കാരനായ യോസേഫിനെ വിവരിച്ചിരിക്കുന്നത് (ലൂക്കൊസ് 23:51). പൊതുവിൽ ജനങ്ങളുടെ അതിയായ താൽപര്യം അവനെ രാജാവാക്കുവാനുള്ള ശ്രമത്തിലും (യോഹന്നാൻ 6:15) യെരുശലേമിലേക്കുള്ള അവന്റെ വിജയ പ്രവേശനത്തിനിടയിലെ അവരുടെ ഉത്സാഹത്തിലും നമുക്ക് കാണാം (യോഹന്നാൻ 12:13).

മശിഹയുടെ വരവ് തീർച്ചയായും ചർച്ച ചെയ്യേണ്ട പ്രചാരത്തിലിരുന്ന വിഷയമായിരുന്നു. അവന്റെ ജീവിതത്തിന്റെ വിശദാംശങ്ങൾ അറിയപ്പെട്ടിരുന്നു: അവൻ ദാവീദിന്റെ സന്തതി ആയിരിക്കും (മത്തായി 22:42); അവൻ ജനിക്കുന്നതു ബേത്‌ലഹേമിലായിരിക്കും (മത്തായി 2:5, 6; യോഹന്നാൻ 7:42). മശിഹയുടെ കാര്യവുമായി ബന്ധപ്പെട്ടായിരുന്നു അവനു വഴിഒരുക്കുവാൻ വന്നവനെ കുറിച്ചുള്ള ഊഹങ്ങൾ (നോക്കുക യോഹന്നാൻ 1:21; മത്തായി 16:14). ജനങ്ങളുടെ[42] പ്രത്യാശ ഉയർത്തുവാൻ, വ്യാജ മശിഹമാരും എഴുന്നേൽക്കുന്നതായി കാണാം.

ആ എല്ലാ കാത്തിരിപ്പുമായി, യോഹന്നാന്റെ ഈ വാക്കുകൾ മനസിലാക്കുവാൻ പ്രയാസമായേക്കാം: "അവൻ സ്വന്തത്തിലേക്കു വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (യോഹന്നാൻ 1:11). പൊതുവിൽ യെഹൂദന്മാരാലും പ്രത്യേകിച്ച് യെഹൂദപ്രമാണിമാരാലും യേശു ത്യജിക്കപ്പെട്ടതു പുതിയനിയമത്തിൽ മുഖ്യവിഷയമാണ് (മത്തായി 21:42; മർക്കൊസ് 12:10; ലൂക്കൊസ് 17:25; പ്രവൃത്തികൾ 4:11; 1 പത്രൊസ് 2:4, 7). ദീർഘ-കാലമായി കാത്തിരുന്ന മശിഹയായി യെഹൂദന്മാർ എന്തുകൊണ്ടു യേശുവിനെ സ്വീകരിച്ചില്ല?

അടിസ്ഥാനപരമായി, അവൻ ത്യജിക്കപ്പെടുവാൻ കാരണം യെഹൂദന്മാർക്ക് മശിഹയെ കുറിച്ച് ഒരു മുൻവിധി ഉണ്ടായിരിക്കയും ആ മുൻവിധിയുടെ ആശയത്തിനനുയോജ്യമായ മശിഹയായിരുന്നില്ല യേശു എന്നതു നിമിത്തവുമാണ്. മശിഹ വരേണ്ടതു ദൈവം-അയച്ച രാജാവായി (യെശയ്യാവ് 9:6, 7) ദാവീദിന്റെ രാജകീയവംശാവലിയിൽ നിന്നാണെന്നു പഴയനിയമം പഠിപ്പിച്ചിരുന്നു (സങ്കീർത്തനങ്ങൾ 89:3,4). *കഷ്ടമേൽക്കുന്ന* ദാസനായിരിക്കും മശിഹ *എന്നും* പഴയനിയമം പഠിപ്പിച്ചിട്ടുണ്ട് (സങ്കീർത്തനങ്ങൾ 22:1-21; യെശയ്യാവ് 53:1-12), എന്നാൽ ഇത്തരം പ്രവചന സ്വഭാവങ്ങൾ അധികം പേരും കണ്ടില്ലെന്നു നടിച്ചു. റോമാക്കാരെ തോൽപിക്കുവാനും ദാവീദിന്റെയും ശലോമോന്റെയും കാലത്തിലേതു പോലെയുള്ള ഒരു യിസ്രായേൽ രാജ്യം പുന-സ്ഥാപിക്കുവാനും രാഷ്ട്രീയവും സൈനികവുമായ ശക്തിയുള്ള ഒരു നായകനെ വേണമെന്ന് യെഹൂദന്മാർക്കു വ്യക്തമായി. "എന്റെ രാജ്യം ഐഹികമല്ല" (യോഹന്നാൻ 18:36) എന്നു പറഞ്ഞ ക്രിസ്തുവിന് അതു സാധ്യമല്ല. മശിഹക്കു വേണ്ടി തന്റെ ജനം ഒരുക്കിയിരുന്ന ജനത്തിന്റെ മുൻവിധിയായ "ചതുര ദ്വാരം" എന്നതുമായി യേശുവിന്റെ "ഉരുണ്ട കുറ്റി" പൊരുത്തപ്പെട്ടിരുന്നില്ല.

**ഉപസംഹാരം**

യേശുവിന്റെ കാലത്തുള്ള ജീവിതത്തെ കുറിച്ചുള്ള മറ്റു വിശദാംശങ്ങളും നല്കാവുന്നതാണ് - ഒരു സാധാരണ യെഹൂദ കുടുംബത്തിന്റെ നിത്യജീവിതം ഉൾപ്പെടെ - എന്നാൽ ആ വിശദാംശങ്ങൾക്ക് കുറച്ചുകൂടെ കാത്തിരിക്കണം. സുവിശേഷ വിവരണങ്ങളിലുള്ള സന്ദർഭവുമായി അതിനു ബന്ധമുണ്ടെങ്കിൽ അവ അവതരിപ്പിക്കുന്നതാണ്.

യേശു വന്ന ലോകത്തെ കുറിച്ചാണെങ്കിൽ, മശിഹ "വരണ്ട നിലത്തു നിന്നു വേർമുളെക്കുന്നതു പോലെ" വളരുന്നു എന്ന പ്രവചന മുന്നറിയിപ്പു വായിച്ചുകൊണ്ടു നമുക്ക് അവസാനിപ്പിക്കാം (യെശയ്യാവ് 53:2). ദൈവം തന്റെ വരവിനു വഴി ഒരുക്കിയിരുന്നു (ഗലാത്യർ 4:4), എന്നാൽ ആളുകളുടെ മനസ് അപ്പോഴും ഉണങ്ങി വരണ്ട നിലം പോലെ ആയിരുന്നു. അത്തരം സ്നേഹമില്ലാത്ത ചുറ്റുപാടിൽ നിന്നാണ്, യേശു വരുന്നത്. അവസാനം, യേശുവിന്റെ മതം വളരുകയും ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്യുന്നു.

കുറിപ്പുകൾ

[1]ബി.എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 6. [2]മറ്റുള്ള യെഹൂദന്മാർ മടങ്ങിവന്നില്ല എന്നാൽ അവർ ചിതറിപോയ സ്ഥലങ്ങളിൽ തന്നെ താമസിച്ചു. അവരെ അറിയപ്പെട്ടിരുന്നത് "ദ ഡിസ്പേർഷൻ" എന്നാണ് (യോഹന്നാൻ 7:35; യാക്കൊബ് 1:1 നോക്കുക). [3]അവസാന പഴയനിയമ തിരുവെഴുത്ത് എഴുതപ്പെട്ടത് ഏതാണ്ട് ബി.സി. 430–425 യിലാണ്. ആദ്യ പുതിയ നിയമ സംഭവങ്ങൾ – യോഹന്നാൻ സ്നാപകന്റെ ജനനവുമായി ബന്ധപ്പെട്ടവ – നടന്നത് ഏതാണ്ട് ബി.സി. 5–ൽ ആണ്. അതു നാനൂറു വർഷത്തിലുമൽപം കൂടുതൽ ഇടവേള ഉണ്ടാക്കുന്നു. [4]സ്മിത്തിന്റെ മൂന്നു സംഭവനീയതകൾ തിരഞ്ഞെടുത്ത് ഉപയോഗിച്ചിരിക്കുന്നു (എഫ്. ലഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ ഇൻ ക്രോണോളജിക്കൽ ഓർഡർ*) [യൂജീൻ, ഒറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ളിഷേഴ്സ്, 1984], 1338–39). [5]അവ പഴയനിയമ "കാനോനിൽ" ഉൾപ്പെടുത്തിയിട്ടില്ല (ദൈവശ്വാസീയമെന്ന് കരുതപ്പെടുന്ന പഴയനിയമ പുസ്തകങ്ങളുടെ ശേഖരം.) [6]യേശുവും അപ്പൊസ്തലന്മാരും പലപ്പോഴും പഴയനിയമത്തിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്, എന്നാൽ അവർ അപ്പൊക്രിഫയിൽനിന്ന് ഉദ്ധരിച്ചിട്ടില്ല. [7]നമുക്ക് അത്ര പ്രാധാന്യമില്ലാത്ത മറ്റുരണ്ടു പ്രവൃത്തികളും ജോസഫസ് എഴുതിയിട്ടുണ്ട്, *എഗെയിൻസ്റ്റ് ആപ്പിയോൺ* ആന്റ് *ഓട്ടോബയോഗ്രഫി.* [8]പ്രവചനസ്വപ്നത്തിലും മറ്റു വിശദാംശങ്ങൾ അടങ്ങിയിട്ടുണ്ട്, ഉദാഹരണമായി റോമാസാമ്രാജ്യത്തിന്റെ സ്വാഭാവികമായ ബലക്കുറവ്. നമുക്ക്, പ്രവചനത്തിന്റെ സുപ്രധാന വസ്തുത ദൈവം തന്റെ രാജ്യം സ്ഥാപിക്കുമെന്ന വാഗ്ദാനമാണ് (ദാനീയേൽ 2:44) – ആ വാഗ്ദാനം സഭ സ്ഥാപിക്കപ്പെട്ടപ്പോൾ നിറവേറി. ഈ പാഠത്തിൽ, എങ്ങനെയായാലും, നാം മുന്നറിയിച്ച നാല് രാജ്യങ്ങളെ കുറിച്ചാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. [9]ലോകത്തെ കീഴ്പ്പെടുത്തുവാൻ മേദ്യരും പാർസികളും സൈന്യങ്ങളെ യോജിപ്പിച്ചു, അതുകൊണ്ട് അതിനെ നമുക്ക് മേദ്യ–പാർസി സാമ്രാജ്യം ആയി കരുതാം. നേരെമറിച്ച്, പാർസി ഭരിക്കുന്നതുകൊണ്ടു, അതിനെ പലപ്പോഴും പാർസി സാമ്രാജ്യം എന്നു വിളിച്ചിട്ടുണ്ട്. അതുകൊണ്ട് ചിലപ്പോൾ ഞാൻ അതിനെ വെറും പാർസി ഭരണം എന്നു സൂചിപ്പിക്കുന്നു. [10]വ്യത്യസ്ത അധികാരികൾ നൽകിയതുകൊണ്ട് വിവിധ കാലയളവുകളുടെ തീയതികളിൽ ഏതാനും വർഷങ്ങളുടെ വ്യത്യാസമുണ്ടായേക്കാം. തീയതികളുടെ കാര്യം ഉദ്ദേശമാണ്, അല്ലാതെ തികവുള്ളതായി എടുക്കരുത്. വ്യത്യസ്ത കാലയളവിൽ തന്നിരിക്കുന്ന തീയതികൾ പാലസ്തീനിനെ മാത്രം ഭരിക്കുന്നതായി ചുരുക്കപ്പെടുത്തിയിരിക്കുന്നു.

[11]മഹാനായിരുന്ന അലക്സാണ്ടർ മക്കദൊന്യയിൽ നിന്നുള്ളതായതുകൊണ്ട്, അതിനെ "മക്കദൊന്യകാലം" എന്നും അറിയപ്പെടുന്നു. ദാനീയേൽ 8:21–ൽ "ഗ്രീസ്" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, ഈ അവലോകനത്തിൽ നാം അതാണ് ഉപയോഗിക്കുന്നത്. [12]അക്കാലത്തു സാധാരണ മനുഷ്യർ സംസാരഭാഷയായി ഉപയോഗിച്ചിരു ന്നതു പോലെയുള്ള ഗ്രീക്കാണ് *കൊയിനേ* ഗ്രീക്ക്, അതു സാഹിത്യ ഗ്രീക്കുഭാഷക്ക് എതിരായിരുന്നു. [13]മഹാനായിരുന്ന അലക്സാണ്ടറുടെ രാജ്യം നാലായി വിഭജിക്കുമെന്ന് ദാനീയേൽ 8:8, 21, 22–ൽ പ്രവചിച്ചിരുന്നു. [14]"ടോളമീസ്" എന്ന പേർ വന്നത് മിസ്രയീമിന്റെ നിയന്ത്രണമേറ്റെടുത്ത സൈന്യാധിപനായിരുന്ന: ടോളമിയിൽ നിന്നാണ്. [15]"സെലൂസിഡ്സ്" എന്ന പേർ സുറിയയുടെ നിയന്ത്രണം ഏറ്റെടുത്ത: സെലൂക്കസ് എന്ന ആളിൽ നിന്നായിരുന്നു. [16]"ക്രിസ്തുവിന്റെ സമയത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [17]സ്മിത്ത്, 1346. ദാനീയേലിലുള്ള പല പ്രവചനങ്ങളും ആന്റിയോക്കസ് എപ്പിഫാനസിന്റെ ദുരന്തവാഴ്ച്ചയെ കുറിച്ചുള്ളതായിരുന്നു എന്നതു പൊതുവെ സമ്മതിക്കപ്പെടുന്നു (ഉദാഹരണമായി, ദാനീയേൽ 8:9–11). [18]പന്നി


യെഹൂദന്മാരുടെ അശുദ്ധ മൃഗമായിരുന്നു (ലേവ്യാപുസ്തകം 11:3, 7). [19]അതിനെ അസ്മോനിയൻ (അല്ലെങ്കിൽ ഹസ്മോനിയൻ) കാലം എന്നും അറിയപ്പെടുന്നു. [20]മഹാപുരോഹിതൻ അഹരോന്റെ പിൻഗാമി ആയിരിക്കണമെന്ന് മോശെ കൽപിച്ചിരുന്നു (നോക്കുക പുറപ്പാട് 29:9; സംഖ്യാപുസ്തകം 25:10–13), സാധാരണ മൂത്തമകൻ ആയിരിക്കും. മോശെയുടെ നിർദ്ദേശങ്ങൾ, മറക്കുകയോ അവഗണിക്കുകയോ ചെയ്തതായി കാണാം.

[21]ഓരോ തീയതികളെയും കുറിച്ചു പറയുന്നതുപോലെ, നാം പാലസ്തീൻ ദേശത്തിനാണ് കൂടുതൽ ശ്രദ്ധ നൽകുന്നത്. റോമാക്കാർ യെരുശലേമിനെ എ.ഡി. 70–ൽ നശിപ്പിച്ചു. [22]ആ സമയത്ത്, റോം ഭരിച്ചിരുന്ന മൂന്നുപേർ ചേർന്ന സംഘത്തിൽ പോംപെയും ജൂലിയസ് സീസറും ഉൾപ്പെട്ടിരുന്നു. അവസാനം, ജൂലിയസ് സീസർ നിയന്ത്രണം ഏറ്റെടുത്തു. [23]"ക്രിസ്തുവിന്റെ സമയത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [24]"ബാഷാൻ" എന്നത് പഴയനിയമത്തിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട് (യോശുവ 22:7; 1 ദിനവൃത്താന്തം 6:71; യെശയ്യാവ് 33:9), എന്നാൽ പുതിയ നിയമത്തിൽ ഇല്ല. ഇതുര്യക്കും ത്രഖോനിത്തിക്കും ചുറ്റുമുള്ള സ്ഥലങ്ങൾ പ്രാചീന ബാഷാനുമായി യോജിച്ചിരിക്കുന്നതുകൊണ്ട്, ആ പ്രദേശത്തിന് ഭൂപടത്തിൽ പേരുനൽകിയിട്ടുള്ളത് പലപ്പോഴും "ബാഷാൻ ജില്ല" എന്നാണ്. [25]"ക്രിസ്തുവിന്റെ സമയത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [26]നാണ്യങ്ങൾ കൈസരുടെ രൂപത്തോടുകൂടെയാണ് വിതരണം ചെയ്തി രുന്നത് (മത്തായി 22:20), എന്നാൽ യെഹൂദന്മാർ റോമിനു നികുതി കൊടുക്കണം എന്നതൊഴിച്ചാൽ ആ ''ശപിക്കപ്പെട്ട നാണയങ്ങൾ'' കൈകാര്യം ചെയ്യേണ്ട ആവശ്യമുണ്ടായില്ല. [27]"പാലസ്തീൻ" എന്ന വാക്ക് ഫെലിസ്ത്യർ എന്നതിൽനിന്ന് ഉണ്ടായതാണ്. ഫെലിസ്ത്യർ കനാന്റെ തെക്കേ തീരത്തു വസിച്ചിരുന്നു (സഫന്യാവു 2:5 നോക്കുക). മെക്കാബ്യർ ഫെലിസ്ത്യരോടു യുദ്ധം ചെയ്തിരുന്നു, എന്നാൽ പുതിയ നിയമത്തിൽ ഫെലിസ്ത്യരെ പേരു പറഞ്ഞ് സൂചിപ്പിക്കുന്നില്ല. അവർ യെഹൂദ ദേശത്ത് ലയിച്ചിരുന്നു എന്നാണ് ചിലർ കരുതുന്നത്. [28]"പാലസ്തീൻ" എന്ന പേർ പഴയനിയമ കെജെവി യിൽ ഒരു പ്രാവശ്യം കാണുന്നുണ്ട് – യോവേൽ 3:4–ൽ. എൻഎഎസ്ബി അവിടെ ആ വാക്കിനെ "ഫിലിസ്ത്യ" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. [29]ജോൺ ഡി. ഡേവിസ്, "പാലസ്തീൻ," *എ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ*, 4–ാമത്തെ എഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1956), 562. [30]നിങ്ങൾ താമസിക്കുന്നതിനടുത്തുള്ള പ്രദേശങ്ങളുടെ വലിപ്പവുമായി പാലസ്തീനിന്റെ വലിപ്പത്തെ താരതമ്യം ചെയ്യുക. പാലസ്തീനിന്റെ താരതമ്യേനയുള്ള വലിപ്പക്കുറവ് നിങ്ങളുടെ ശ്രോതാക്കൾക്ക് നല്ലതുപോലെ മനസ്സിലാകുവാൻ ഇത് സഹായകമാകും. അത് ആധുനിക ഫിജി, കുവൈറ്റ്, അല്ലെങ്കിൽ സ്വാസിലാന്റ്, എന്നിവയെക്കാൾ അല്പം വലുതായിരുന്നു എന്നാൽ ചെറിയ ബെലീസ്, എൽ സാൽവഡോർ, അല്ലെങ്കിൽ സ്ലോവേനിയ എന്നിവയെക്കാൾ അൽപം ചെറുതുമായിരുന്നു.

[31] കുറിപ്പ് 24 പുനരവലോകനം ചെയ്യുക. [32]ആ പ്രദേശത്ത് പത്തുപട്ടണങ്ങളിലധികം ഉണ്ടായിരുന്നു, എന്നാൽ സ്പഷ്ടമായും അവയിൽ പത്തെണ്ണം അധികാരമുള്ളതായി കണക്കാക്കിയിരുന്നു. [33]എ.ഡി. 70–ൽ റോമാ സൈന്യത്താൽ നശിപ്പിക്കപ്പെടുന്നതിനു അല്പം മുൻപു, എ.ഡി. 60 കളുടെ അവസാനം വരെ ദേവാലയത്തിന്റെ പണി പൂർത്തിയായിരുന്നില്ല. അപ്പോഴും ദേവാലയപ്പണി പൂർത്തിയായിരുന്നില്ല എന്നു ചിലർ കരുതുന്നു. [34]"യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ട് ഈ പുസ്തകത്തിലുള്ളതു നോക്കുക. കാഹളപെരുന്നാളും പുരീം പെരുന്നാളും ഒഴിച്ച് ചാർട്ടിലുള്ള മറ്റെല്ലാ പെരുന്നാളുകളെയും കുറിച്ച് പുതിയ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. വേദ പുസ്തകത്തിൽ പെരുന്നാളുകളെ കുറിച്ച് പറയുന്നതുകൊണ്ട് പിന്നീടുവരുന്ന ലക്കങ്ങളിൽ നാം അവയെ

കുറിച്ചു പ്രതിപാദിക്കുന്നു. [35]“പള്ളി” എന്ന വാക്ക് കെട്ടിടത്തിനുപകരം അതിൽ കൂടിവരുന്ന ആളുകളെ യാണ് യഥാർത്ഥത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. (“പള്ളി” എന്ന വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥത്തെ കുറിച്ചറിയുവാൻ, ഈ പുസ്തകത്തിൽ ആദ്യം കാണുന്ന “മത്തായിയുടെ പുസ്തകം” എന്ന പാഠം നോക്കുക.) എന്നിരുന്നാലും, ആ വാക്ക് പലപ്പോഴും പുതിയ നിയമത്തിൽ ആളുകൾ കൂടി വന്നിരുന്ന മന്ദിരത്തെ സൂചിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട് (ലൂക്കൊസ് 7:5). [36]പിന്നീടുവരുന്ന ലക്കങ്ങളിൽ നാം പള്ളികളെ കുറിച്ചും അതിന്റെ രൂപീകരണത്തെ കുറിച്ചും ആരാധനകളെ കുറിച്ചും പഠിക്കും. ഉദാഹരണത്തിന്, അവരുടെ അദ്ധ്യക്ഷന്മാരെ അറിയപ്പെട്ടിരുന്നത് “മൂപ്പന്മാർ” എന്നായിരുന്നു. സുവിശേഷ വിവരണങ്ങളിൽ ചിലപ്പോൾ, “മൂപ്പന്മാർ” എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത് പള്ളിപ്രമാണിമാരെ സൂചിപ്പിക്കുവാനും (ലൂക്കൊസ് 7:3–5) ചിലപ്പോൾ മതപരമായ മറ്റ് അധികാരികളെ സൂചിപ്പിക്കുവാനുമാണ്. [37]“റബ്ബീ” എന്നത് ഒരു എബ്രായ വാക്കും അതിനർത്ഥം “എന്റെ യജമാനൻ” എന്നുമാണ്. അതിന് “എന്റെ ഗുരു” എന്നും അർത്ഥമുണ്ട് (നോക്കുക യോഹന്നാൻ 20:16; “റബ്ബോനീ” എന്നത് “റബ്ബീ” എന്നതിന്റെ വകഭേദമാണ്). ബഹുമാന സൂചകമായി അവന്റെ ശിഷ്യന്മാർ യേശുവിനെ “റബ്ബീ” എന്നു വിളിച്ചിട്ടുണ്ട് (മത്തായി 26:25; മർക്കൊസ് 9:5; യോഹന്നാൻ 3:2). [38]ആ വ്യാഖ്യാനങ്ങളെ ക്രമേണ *താൽമൂത്* എന്നറിയപ്പെട്ടിരുന്നു. [39]2 ശമുവേൽ 8:17 നോക്കുക (“സെക്രട്ടറി” എന്ന് തർജ്ജിമ ചെയ്ത വാക്ക് എൻഎഎസ്ബിയിൽ “ശാസ്ത്രി” എന്നതിനുള്ള വാക്കാണ്; കെജെവി നോക്കുക). [40]ന്യായപ്രമാണ ഉപദേഷ്ടാക്കന്മാരെ സൂചിപ്പിക്കുവാൻ കെജെവിയും ഇടയ്ക്കൊക്കെ “ഡോക്ടർ” എന്ന വാക്കുപയോഗിച്ചിട്ടുണ്ട് (ലൂക്കൊസ് 2:46; 5:17).

[41]ദൈവത്തിൽ നിന്നുള്ള ദൈവദൂതുമായി അയക്കപ്പെട്ടവനായിരുന്നു യോഹന്നാൻ എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു (യോഹന്നാൻ 1:6; ലൂക്കൊസ് 3:2). കൂടാതെ, എസനേസിന്റെ ഉപദേശങ്ങളും പരിശീലനവും യോഹന്നാന്റെ ഉപദേശങ്ങളും പരിശീലനവുമായി താരതമ്യം ചെയ്യുമ്പോൾ പല വ്യത്യാസങ്ങൾ പ്രകടമാകുന്നു. [42]താൻ പോയശേഷം ഇതു സംഭവിക്കുമെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞിരുന്നു (മത്തായി 24:5, 23, 24). അവന്റെ ജനനത്തിനുമുൻപും ഇതു സംഭവിച്ചിട്ടുണ്ട് എന്ന് മിക്ക പണ്ഡിതന്മാരും വിശ്വസിച്ചിരുന്നു. പ്രവൃത്തികൾ 5:36, 37–ൽ രണ്ട് നാട്യക്കാരെ ഒരുപക്ഷെ പറഞ്ഞിരിക്കാം.


N
സിറിയ
അബിലിൻ
സിദോൻ
ഇതുര്യ
ത്രഖോനിതി
ഫൊയ്നീക്യ
ക്രിസ്തുവിന്റെ
സമയത്തെ
പാലസ്തീൻ
സോർ
ദാൻ
ഗലീലി
ബേത്ത്സെയിദ
കഫർന്നഹൂം
ഗലീലി
കടൽ
ബാഷാൻ ജില്ല
കാനാ ?
നസ്റേത്ത്
താബോർ മല
ദെക്കപ്പൊലിസ്
അയെനോൻ ?
ശമര്യ
യോർദ്ദാൻ നദി
മഹാനദി
പെറിയ
ഫെലിസ്ത്യർ
താമസിച്ചിരുന്ന
സ്ഥലം
ബെഥാന്യ
യോർദ്ദാനപ്പുറം ?
യെരുശലേം
ബെത്ലെഹേം
യെഹൂദ്യാ മരുഭൂമി
യെഹൂദ്യ
ചാവു
കടൽ
മിസ്രയീം
ബെർശേബ

| യെഹൂദന്മാരുടെ പെരുന്നാളുകൾ[1] | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| പെരുന്നാളിന്റെ പേര് | അതെങ്ങനെ അറിയപ്പെട്ടു | ആചരിച്ച മാസം | വിശുദ്ധ വർഷ മാസം | ആഭ്യന്തര വർഷ മാസം | ഏതാണ് അടുത്ത ഇംഗ്ലീഷ് മാസം | പെരുന്നാളിന്റെ ദൈർഘ്യം | എവിടെ ആചരിച്ചു | അതിന്റെ ആചാര സ്വഭാവങ്ങൾ | അതിന്റെ പ്രാധാന്യം | മറ്റു പേരുകൾ |
| പെസഹ | വലിയ പെരുന്നാൾ | നിസാൻ അല്ലെങ്കിൽ ആബീബ് | 1-ാമത് | 7-ാമത് | ഏപ്രിൽ | 1 ആഴ്ച്ച | യെരുശലേം | പെസഹ കുഞ്ഞാട് ഭക്ഷിക്കൽ | മരണം കടന്നു പോകുന്നതും മിസ്രയിം വിട്ടു പോകുന്നതും | പുളിപ്പില്ലാത്ത അപ്പം |
| പെന്തക്കൊസ്തു | വലിയ പെരുന്നാൾ | ശിവാൻ | 3-ാമത് | 9-ാമത് | ജൂൺ | 1 ദിവസം | യെരുശലേം | രണ്ട് അപ്പം നൽകുന്നു, ധാന്യ ഫലത്തെ സൂചിപ്പിക്കുന്നു | സീനായി പർവ്വതത്തിൽ വെച്ച് ന്യായപ്രമാണം നൽകുന്നു | ആഴ്ച്ചകൾ; ആദ്യ ഫലങ്ങൾ; ഗോതമ്പ് കൊയ്ത്ത് |
| കൂടാരം | വലിയ പെരുന്നാൾ | തിശാരി അല്ലെങ്കിൽ | 7-ാമത് | 1-ാമത് | ഒക്ടോബർ | 1 ആഴ്ച്ച | യെരുശലേം | കൂടാരങ്ങളിൽ താമസിക്കുന്നു | മരുഭൂമിയിലെ ജീവിതം | ശേഖരിക്കൽ |
| കാഹളങ്ങൾ | ചെറിയ പെരുന്നാൾ | യഥാനിം തിശാരി അല്ലെങ്കിൽ യഥാനിം | 7-ാമത് | 1-ാമത് | ഒക്ടോബർ | 1 ദിവസം | എവിടെയും | കാഹളമൂതൽ | പുതുവർഷനാൾ | |
| സമർപ്പണം | ചെറിയ പെരുന്നാൾ | ചിസ്‌ലേ | 9-ാമത് | 3-ാമത് | ഡിസംബർ | 8 ദിവസം | എവിടെയും | സന്തോഷം, പാടുന്നു, വിളക്കും പന്തവും കത്തിക്കൽ | ജാതികളിൽ നിന്ന് പിടിച്ചെടുത്തശേഷം ദേവാലയപുനഃ പ്രതിഷ്ഠ | വെളിച്ചങ്ങൾ |
| പൂരീം | ചെറിയ പെരുന്നാൾ | ആദാർ | 12-മത് | 6-ാമത് | മാർച്ച് | 2 ദിവസം | എവിടെയും | എസ്ഥേരിന്റെ പുസ്തകം വായിക്കൽ | എസ്ഥേർ രാജ്ഞി യെഹൂദന്മാരെ സംരക്ഷിക്കുന്നു | |

[1]*ട്രെയിനിങ് ഫോർ സർവീസിൽ* നിന്നും ഒറിൻ റൂട്ട് © 1964പുനപ്രസിദ്ധീകരിച്ചത്. എലീനോർ ദാനീയേൽ © 1983 മാറ്റം വരുത്തിയത്, സ്റ്റാന്റേർഡ് പബ്ളിഷിങ്. അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു.